## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം
## (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 ജൂലായ് 18, ബുധൻ

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

### പേമാരിയും മണ്ണിടിച്ചിലും പ്രളയവുംമൂലമുള്ള ദുരന്തം

**മി. സ്പീക്കർ**: സംസ്ഥാനത്തുണ്ടായ ശക്തമായ പേമാരിയും പ്രളയവുംമൂലം ജനജീവിതം ദു:സ്സഹമായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുധാകരൻ, സി.ടി.അഹമ്മദ് അലി, ജോസഫ് എം. പുതശ്ശേരി, കെ. ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

**റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ):** കാലവർഷക്കെടുതികൾ വടക്കൻ ജില്ലകളിൽ ഇപ്പോഴും രൂക്ഷമായി തുടരുകയാണ്. ഔദ്യോഗിക കണക്കനുസരിച്ച് ഇന്നും ഇന്നലെയുമായി 15 പേരും ജൂൺ 1

മുതൽ ഇതുവരെ 131 പേരും മരണമടയുകയുണ്ടായി. സംസ്ഥാനത്ത് ഇപ്പോൾ 243 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇന്നലെ 133 ക്യാമ്പുകൾ ആരംഭിച്ചു. 16907 പേരെ ക്യാമ്പുകളിലേയ്ക്ക് ഒറ്റദിവസംകൊണ്ട് മാറ്റേണ്ടിവന്നു. ഇതുവരെ 1446 വീടുകൾ പൂർണ്ണമായും 27777 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ഉരുൾപൊട്ടൽ മേഖലയിലെ ആളുകളെ മാറ്റിപ്പാർപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ആശ്വാസ പ്രവർത്തനങ്ങൾ നടത്തുകയും ജില്ലകളിൽ കൺട്രോൾ റൂം തുറന്ന് പ്രവർത്തിപ്പിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ 120 അംഗ ടീം കേരളത്തിൽ എത്തിയിട്ടുണ്ട്. ഏഴിമല നാവിക അക്കാഡമിയുടെയും ദേശീയ ദുരന്ത നിവാരണ പ്രതികരണ സേനയുടെയും സേവനം ഇടുക്കി, മലപ്പുറം, വയനാട്, കോഴിക്കോട് ജില്ലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്വകാര്യ ബോട്ടുകൾ ഉൾപ്പെടെ വാടകയ്ക്കെടുത്ത് ആശ്വാസ പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. വില്ലേജ് ഓഫീസുകളിൽ റസ്ക്യൂ കിറ്റുകൾ ഏർപ്പാടാക്കിയിട്ടുണ്ട്. കാലവർഷക്കെടുതിമൂലമുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മാത്രം 20 കോടി രൂപ കഴിഞ്ഞ ആഴ്ച ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. ഡാമുകൾ നിറഞ്ഞ് കവിഞ്ഞൊഴുകുന്നതിനാൽ സമീപവാസികളെ മാറ്റിപ്പാർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗതാഗത തടസ്സങ്ങൾ ഒഴിവാക്കാനും രക്ഷാപ്രവർത്തനങ്ങൾക്കുമായി പോലീസ്, ഫയർഫോഴ്സ്, വൈദ്യുതി

ബോർഡ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സജീവമായി രംഗത്തുണ്ട്. റവന്യൂ-വ്യവസായ-തദ്ദേശസ്വയംഭരണ-വനം വകുപ്പ് മന്ത്രിമാർ കോഴിക്കോട്, വയനാട്, കണ്ണൂർ പ്രദേശങ്ങളിൽ പര്യടനം നടത്തുകയും ദുരിത മേഖലകളിൽ ആശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുമാണ്. സന്നദ്ധ സംഘടനകളും ജനപ്രതിനിധികളുമെല്ലാം ആശ്വാസ പ്രവർത്തനങ്ങളിൽ സർക്കാരിനോട് സഹകരിക്കുന്നുണ്ട്. ദുരിത മേഖലയിൽ സൗജന്യ റേഷൻ, ഭക്ഷണം, മരുന്ന്, ശുദ്ധജലം എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുണ്ട്.

**മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>):** കഴിയുന്നിടത്തോളം ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ ആവശ്യപ്പെട്ടപ്പോൾ ആദ്യഗഡുവായി 35 കോടി രൂപ അയയ്ക്കുന്നു എന്നുപറഞ്ഞതല്ലാതെ പണം ഇതുവരെ എത്തിയിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർ സമയം നിശ്ചയിച്ചാൽ സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാണ്.

**<u>മി. സ്പീക്കർ</u>:** ഇപ്പോൾത്തന്നെ സഭാനേതാവും പ്രതിപക്ഷ നേതാവുമായി കൂടിയാലോചിച്ച് സമയം നിശ്ചയിച്ച് സഭയെ അറിയിക്കുന്നതാണ്.

## ശ്രദ്ധക്ഷണിക്കൽ

### (1) കൊതുകുജന്യരോഗങ്ങൾ

**പ്രൊഫ. എൻ. ജയരാജ്:** സംസ്ഥാനത്തെ കൊതുകുജന്യ രോഗങ്ങളെപ്പറ്റി സമഗ്ര പഠനം നടത്തണം. കേരളത്തിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി പടർന്നുകൊണ്ടിരിക്കുന്ന ചിക്കുൻഗുനിയയേയും പകർച്ച വ്യാധികളേയും സംബന്ധിച്ച് ഒട്ടേറെ ആശങ്കകളും അഭ്യൂഹങ്ങളും സംശയങ്ങളും ജനങ്ങൾക്കിടയിൽ നിലനിൽക്കുകയാണ്. വിദഗ്ദ്ധ സംഘം കേരളത്തിൽ വന്നെങ്കിലും ഇത് സംബന്ധിച്ച് കാര്യമായ പഠനം നടത്തിയിട്ടില്ല. കേരളത്തിൽ വിവിധ തരത്തിലുള്ള പകർച്ചപ്പനികൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന മുന്നറിയിപ്പുണ്ട്. ഈ രോഗം വന്നവർക്ക് സിംപ്റ്റമാറ്റിക്കായ ചികിത്സ മാത്രമാണ് നൽകുന്നത്. രോഗ കാരണമായ വൈറസിന്റെ രൂപഭാവങ്ങളും ജനിതകമായ മാറ്റങ്ങളും പരിശോധിക്കാനും പഠിക്കാനും ആരോഗ്യ വകുപ്പിനും വിദഗ്ദ്ധർക്കും കഴിഞ്ഞിട്ടില്ല. അത് സംബന്ധിച്ച് ഗവേഷണങ്ങളോ പഠനങ്ങളോ കേരളത്തിൽ ഉണ്ടായിട്ടില്ല. വീണ്ടും രോഗം പടരുന്ന സാഹചര്യത്തിൽ വിദഗ്ദ്ധ പഠനം ആവശ്യമാണ്. പനി പരത്തുന്ന വൈറസുകൾക്ക് ജനിതക മാറ്റങ്ങൾ വന്നിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ചും മറ്റും വസ്തുനിഷ്ഠമായി പരിശോധിച്ച് ഫലങ്ങൾ ഔദ്യോഗികമായി പ്രസിദ്ധീകരിക്കണം. ഒരു കേന്ദ്ര വെക്ടർ കൺട്രോൾ യൂണിറ്റ് ആരംഭിക്കാനും സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അതേ പദവിയിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):** ഇക്കാര്യത്തിൽ കൂടുതൽ പഠനങ്ങൾ നടത്തി ജനങ്ങൾക്കിടയിലുള്ള ഉൽക്കണ്ഠ മാറ്റിയെടുക്കാൻ ശ്രമിക്കുന്നതാണ്. എൻ.ഐ.വി.യിലെയും എൻ.ഐ.സി.ഡി. യിലെയും ഡയറക്ടർ ജനറൽ ഉൾപ്പെടെയുള്ള വിദഗ്ദ്ധർ 4 പ്രാവശ്യം വരികയും വിശദമായി പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ കോട്ടയം, പത്തനംതിട്ട., കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ പനിബാധിത പ്രദേശങ്ങളും ആശുപത്രികളും സന്ദർശിക്കുകയും രോഗികളുടെ രക്ത സാമ്പിളുകൾ പരിശോധിക്കുകയും ചെയ്ത വിദഗ്ദ്ധ സംഘം പറഞ്ഞത് ദക്ഷിണേന്ത്യയിലാകെ വ്യാപിച്ചിട്ടുള്ള ചിക്കുൻഗുനിയയുടെ വൈറസാണ് കേരളത്തിലുമുള്ളതെന്നാണ്. ഇപ്രാവശ്യം പനി ബാധിച്ച പ്രദേശങ്ങളിലെ രോഗികളിൽ വൈറസുകളുടെ എണ്ണം കൂടുതലാണെന്നും മറ്റ് രോഗങ്ങളുള്ളവരിലോ രോഗപ്രതിരോധശേഷി കുറഞ്ഞവരിലോ ഈ പനി ബാധിക്കുമ്പോഴാണ് മരണം സംഭവിക്കുന്നതെന്നുമാണ് വിദഗ്ദ്ധാഭിപ്രായം. സംസ്ഥാനത്ത് 2000 മുതൽ കൊതുകുജന്യ രോഗങ്ങൾ വർദ്ധിച്ചിതായാണ് റിപ്പോർട്ടുകളിൽ കാണുന്നത്. പകർച്ചപ്പനിയിൽ നിന്ന് രക്ഷപ്പെടുന്നതിന് കൊതുകുകളെ നശിപ്പിക്കുക എന്നതാണ് ഒരേയൊരു മാർഗ്ഗം. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും ഒത്തൊരുമയോടുകൂടി ഇതിനുവേണ്ടി പ്രവർത്തിക്കണം. പനിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഉൽക്കണ്ഠ അടിസ്ഥാനരഹിതമാണ്. പനി പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ചുള്ള ശാസ്ത്രജ്ഞരുടെ റിപ്പോർട്ടുകൾ വിശ്വസനീയമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി മാലിന്യ നിർമ്മാർജ്ജനത്തിനും കൊതുക് നിർമ്മാർജ്ജനത്തിനും കൂട്ടായ യജ്ഞം നടത്തണം.

ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ലോകാരോഗ്യ സംഘടനയോട് ആവശ്യപ്പെടാം. ചിക്കുൻഗുനിയ കൂടുതൽ ബാധിച്ചിട്ടുള്ള റബ്ബർ എസ്റ്റേറ്റ്, പ്ളാന്റേഷൻ, പൈനാപ്പിൾ തോട്ടം മേഖലകളിൽ കൂടുതൽ ശ്രദ്ധ വേണമെന്നത് കണക്കിലെടുത്ത് പ്രത്യേക പഠനം നടത്തേണ്ടതുണ്ട്.

## (2) നഴ്സറി സ്കൂളുകളുടെ നിയന്ത്രണത്തിന് പ്രീ-പ്രൈമറി വിദ്യാഭ്യാസ നിയമം

**ശ്രീ. പി. വിശ്വൻ:** പ്രൈമറി വിദ്യാഭ്യാസം വിജയകരമായി പൂർത്തീകരിക്കാൻ പ്രീ-പ്രൈമറി വിദ്യാഭ്യാസം പ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. കുട്ടികളുടെ മൂന്ന് വയസ്സുവരെയുള്ള കാലഘട്ടം ആരോഗ്യ വകുപ്പിന്റെയും മൂന്ന് മുതൽ 5 വയസ്സു വരെയുള്ള കാലഘട്ടം വിദ്യാഭ്യാസ വകുപ്പിന്റെയും നിയന്ത്രണത്തിലാണ് വരേണ്ടത്. കുട്ടികളുടെ മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യകരമായ സമഗ്ര വികസനത്തിന് പ്രീ-പ്രൈമറി വിദ്യാലയം അത്യാവശ്യമാണ്. ആരോഗ്യപരമായ ശീലം ചുറ്റുപാടുകളെക്കുറിച്ചുള്ള അറിവ്, സാമൂഹ്യ ശീലം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കാനും വിചാര-വികാരങ്ങൾ മനസ്സിലാക്കാനും അംഗീകരിക്കാനും നിയന്ത്രിക്കാനും ലളിത കലാസ്വാദനത്തിന് കഴിവുണ്ടാക്കാനും സ്വയം പ്രകാശനത്തിനുമുള്ള അവസരം ഉണ്ടാക്കാനും ശരിയായ സംസാരം രൂപപ്പെടുത്തിയെടുക്കാനുമായി പ്രീ-പ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തേണം. ഇംഗ്ളീഷ് മീഡിയം എൽ. കെ. ജി., യു. കെ. ജി., പ്രീ-പ്രൈമറി സ്കൂളുകളുടെ പ്രധാന ഉദ്ദേശം ഒന്നാം ക്ളാസ്സിൽ കുട്ടികളെ ചേർക്കുക എന്നുള്ളത് മാത്രമാണ്. ഇത് അംഗൻവാടികളിലെ കുട്ടികളുടെ എണ്ണം കുറയാൻ ഇടവരുത്തും. ഈ പ്രശ്നം പരിഹരിക്കുന്നതിന് ക്രിയാത്മകവും ശാസ്ത്രീയവുമായ ഒരു പ്രീ-പ്രൈമറി വിദ്യാഭ്യാസം നിയമം അടിയന്തിരമായി കൊണ്ടുവരണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി):** ഈ വിഷയം വളരെയധികം പ്രാധാന്യ മുള്ളതാണ്. ഒന്നാം ക്ളാസ്സിൽ ചേർക്കാനാവശ്യമായ കുഞ്ഞുങ്ങളെ സ്വരൂപിച്ചെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രീ-പ്രൈമറി സ്കൂളുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 2001 മാർച്ച് 27-ന് ഈ രംഗത്ത് ചില വ്യവസ്ഥയും നിയന്ത്രണങ്ങളും ഉണ്ടാക്കാനായി ഒരു ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും അത് പ്രാവർത്തികമായില്ല. ഈ ഉത്തരവ് കർശനമായി നടപ്പാക്കാൻ വേണ്ട നടപടി സർക്കാർ സ്വീകരിക്കും. ഈ രംഗത്തുള്ള പ്രശ്നങ്ങൾ പരിശോധിച്ച് വ്യക്തമായ കാഴ്ചപ്പാടോടും വ്യവസ്ഥകളോടുംകൂടി ഒരു സമഗ്ര നിയമം സമയബന്ധിതമായി കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്.

**മി. സ്പീക്കർ:** ഇന്ന് പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ടുള്ള സബ്മിഷനുകൾ ഉന്നയിക്കുന്നതിനാണ് കൂടുതൽ നോട്ടീസുകൾ കിട്ടിയിട്ടുള്ളത്. ഈ വിഷയത്തെ സംബന്ധിച്ച് റൂൾ 50 അനുസരിച്ച് തന്നിട്ടുള്ള അടിയന്തിരപ്രമേയം ഇന്ന് ചർച്ച ചെയ്യുന്നതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട സബ്മിഷനുകൾ അവതരിപ്പിക്കേണ്ടതില്ല എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

## സബ്മിഷൻ

### (1) തിരിച്ചറിയൽ കാർഡുള്ളവർക്ക് വോട്ടവകാശം

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:** തെരഞ്ഞെടുപ്പ് പ്രക്രിയയും വോട്ടവകാശവും കൂടുതൽ കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കണം. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന സരമയത്ത് സ്ഥലത്തുള്ളവരുടെ പേരുകൾ മാത്രമേ ചേർക്കാറുള്ളൂ. ഈ സാഹചര്യത്തിൽ പ്രവാസികൾക്ക് റേഷൻ

കാർഡും വീട്ടു നമ്പറും പാസ്പോർട്ടും ഉപയോഗിച്ച് വോട്ട് ചെയ്യാനുള്ള അവകാശം ലഭ്യമാക്കാൻ കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

**മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ)**: വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിരിക്കുക എന്നുള്ളതാണ് വോട്ട് ചെയ്യാനുള്ള അടിസ്ഥാന യോഗ്യത. വോട്ടർ പട്ടികയിൽ പേരുള്ള പക്ഷം വോട്ടവകാശം വിനിയോഗിക്കാം. ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് കൈവശമുണ്ടെന്നുള്ളതുകൊണ്ട് മാത്രം വോട്ടർ പട്ടികയിൽ ഒരാളുടെ പേര് ഉണ്ടാകണമെന്നില്ല. അതതുകാലത്ത് പ്രാബല്യത്തിലുള്ള വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടത് ഓരോ പൗരന്റെയും ചുമതലയാണ്. 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥയനുസരിച്ചാണ് വോട്ടർപട്ടികയിൽ പേര് ചേർക്കുന്നത്.

(2) **ഗൾഫ് നാടുകളിലേയ്ക്കുള്ള വിമാന യാത്രാ നിരക്ക്**

**ശ്രീ. ജോസഫ് എം. പുതുശ്ശേരി** : ഗൾഫ് നാടുകളിലേയ്ക്കുള്ള വിമാന യാത്രാനിരക്ക് കൂടുതലാണെന്ന ആക്ഷേപം നിലനിൽക്കുമ്പോഴാണ് ഓണക്കാലത്ത് വീണ്ടും നിരക്ക് വർദ്ധിപ്പിച്ചത്. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി ഇത് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

(ശ്രീ. ടി.എൻ. പ്രതാപനും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.)

**മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ)**: ഗൾഫ് മേഖലയിൽനിന്നും കേരളത്തിലേയ്ക്ക് സർവ്വീസ് നടത്തുന്ന വിവിധ വിമാന കമ്പനികൾ ഓണക്കാലത്ത് യാത്രാ നിരക്കിൽ വർദ്ധനവ് വരുത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരവധി വർഷങ്ങളായി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുന്നതാണ്. ഇത് സംബന്ധിച്ച്

22.6.2006-ൽ പ്രധാനമന്ത്രിക്ക് നിവേദനം നൽകുകയും നേരിട്ട് ചർച്ച നടത്തുകയുമുണ്ടായെങ്കിലും യാതൊരു പരിഹാരവുമുണ്ടായില്ല. ഓണക്കാലത്ത് യാത്രാക്കൂലി വർദ്ധിപ്പിച്ചാൽ മാത്രമേ വിമാന കമ്പനികൾക്ക് നിലനിൽക്കാനാകൂവെന്നാണ് എയർ ഇൻഡ്യയുടെ വിശദീകരണം. ഗൾഫ് മേഖലയിലേയ്ക്ക് ഈയിടെ ആരംഭിച്ച ബജറ്റ് എയർ ലൈൻസ് കുറഞ്ഞ നിരക്കിൽ യാത്രാ സൗകര്യം ഒരുക്കുന്നുണ്ട്.

### (3) <u>കണ്ണൂർ പവർ പ്രോജക്ട്</u>

**<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>:** മലബാർ മേഖലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇരുണാവ് പ്രദേശത്ത് 513 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻവേണ്ടി ആരംഭിച്ച പവർ പ്രോജക്ട് സ്തംഭനാവസ്ഥയിലാണ്. 174 ഏക്കർ സ്ഥലം കിൻഫ്ര ഏറ്റെടുക്കുകയും വൈദ്യുതി നിലയം നിർമ്മിക്കുന്നതിന് പല കമ്പനികളുടെ പ്രതിനിധികളും രംഗത്തെത്തുകയും ചെയ്ത സാഹചര്യത്തിൽ ഉന്നതതല യോഗം വിളിച്ച് നിർദ്ദിഷ്ട പ്രോജക്ട് അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ</u>):** 20.4.2007-ൽ പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ഒരു കമ്പനി ഡയറക്ടർ കിൻഫ്രയ്ക്ക് നൽകിയ കത്തിന്മേൽ സർക്കാർതലത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

### (4) <u>തൃക്കണ്ണാപുരം പാലത്തിന്റെ അപ്രോച്ച് റോഡ്</u>

**<u>ശ്രീ. എൻ. ശക്തൻ</u>:** തൃക്കണ്ണാപുരം പാലം പണി പൂർത്തിയാക്കി യെങ്കിലും ഒരു ഭാഗത്തേയ്ക്കുള്ള അപ്രോച്ച് റോഡ് പണി ഇതുവരെ

ആരംഭിച്ചിട്ടില്ല. അത് എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി** <u>**(ശ്രീ. റ്റി.യു. കുരുവിള)**</u>: തൃക്കണ്ണാപുരം-പൂഴിക്കുന്ന് റോഡിന് 20 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഈ റോഡിന്റെ വികസനത്തിന് സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലത്തെ മരങ്ങളും കെട്ടിട ഭാഗങ്ങളും പൊളിച്ചുനീക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**(5) <u>കുണ്ടുമൺ പാലം പണി</u>**

<u>**ശ്രീ. എൻ. അനിരുദ്ധൻ**</u>: 2001-ൽ പണി ആരംഭിച്ച കൊല്ലം-ആയൂർ റോഡിലെ കുണ്ടുമൺ പാലത്തിന്റെ പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി** <u>**(ശ്രീ. റ്റി.യു. കുരുവിള)**</u>: കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ച കുണ്ടുമൺ പാലത്തിന്റെ പണി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കോർപ്പറേഷനുമായി ഉണ്ടാക്കിയ കരാർ റദ്ദ് ചെയ്ത് ബാക്കി പണികൾ ചെയ്യുന്നതിന് നിരവധി തവണ ടെണ്ടർ വിളിച്ചെങ്കിലും കരാറുകാരെ ലഭിച്ചിരുന്നില്ല. 10.11.2006-നും 17.11.2006-നും കൂടിയ ഉന്നതതല യോഗത്തിൽ ക്വട്ടേഷൻ വിളിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് ഒരാളിൽനിന്നും ലഭിച്ച ക്വട്ടേഷൻ ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

**(6) <u>പാലക്കാട്-കുളപ്പുള്ളി റോഡ് പണി</u>**

**<u>ശ്രീ. എം. ഹംസ</u>:** ഇന്റർനാഷണൽ നിലവാരമുള്ള റോഡായി ഉയർത്താൻ പണി ആരംഭിച്ച പാലക്കാട്-കുളപ്പുള്ളി റോഡിന്റെ പണി വീണ്ടും ടെണ്ടർ വിളിച്ച് ഉടൻ ആരംഭിക്കുന്നതിനും മലങ്കര വളവ് നികത്തുന്നതിനും നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. റ്റി.യു. കുരുവിള)</u>:** കെ.എസ്.ടി.പി. (4) അപ്ഗ്രഡേഷൻ പണിയിൽ ഉൾപ്പെടുത്തി കുളപ്പുള്ളി റോഡിന്റെ മുടങ്ങിക്കിടക്കുന്ന പണികൾ ആരംഭിക്കുന്നതിന് 2.5.2007 അവസാന തീയതിവച്ച് ടെണ്ടർ ക്ഷണിച്ചതുപ്രകാരം രണ്ട് ടെണ്ടർ ലഭിച്ചു. സ്റ്റിയറിംഗ് കമ്മിറ്റി ക്വട്ടേഷൻ തുകയിൽ കുറവ് വരുത്താൻ നടപടി സ്വീകരിച്ചെങ്കിലും അതിന് കഴിഞ്ഞിട്ടില്ല. മലങ്കര വളവ് വീതികൂട്ടി നിർമ്മിച്ചിട്ടുണ്ടെങ്കിലും വളവ് പൂർണ്ണമായി മാറ്റാൻ 3.2 കോടി രൂപ വേണ്ടിവരും. സ്ഥലം ഏറ്റെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് വളവ് മാറ്റാൻ നടപടി സ്വീകരിക്കുന്നതാണ്.

### (7) <u>ചേമ്പന അടുപ്പുകോളനിയിലെ ശോച്യാവസ്ഥ</u>

**<u>ശ്രീ. സി.പി. മുഹമ്മദ്</u>:** മലമ്പുഴ ചേമ്പന അടുപ്പുകോളനിയിലെ പാപ്പാത്തി എന്ന സ്ത്രീയുടെ 13 വയസ് പ്രായമായ മകൻ പോഷകാഹാര ക്കുറവുമൂലം മരണപ്പെട്ടു. ആ കോളനിയിൽ വിദ്യാഭ്യാസ സൗകര്യങ്ങൾക്കും കുടിവെള്ളത്തിനും കിലോമീറ്ററോളം പോകേണ്ട അവസ്ഥയാണുള്ളത്. കോളനിക്കാർക്ക് താമസിക്കുന്നതിന് ആവശ്യമായ വീടോ മറ്റ് സൗകര്യങ്ങളോ ഇല്ല. കോളനിയിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>:** ചേമ്പന അടുപ്പുകോളനിയിലെ പാപ്പാത്തിയുടെ മകൻ

പട്ടിണിമൂലമല്ല മരിച്ചതെന്ന് പാപ്പാത്തിതന്നെ പത്രക്കാരോട് പറഞ്ഞിട്ടുണ്ട്. ജന്മനാതന്നെ കുട്ടിയുടെ ആരോഗ്യസ്ഥിതി മോശമായിരുന്നു. വിദഗ്ദ്ധ ചികിൽസ നൽകിക്കൊണ്ടിരുന്ന കുട്ടിയെ പാപ്പാത്തി അവിടെനിന്നും എടുത്തുകൊണ്ടുപോവുകയാണ് ചെയ്തത്. മരിച്ച വിവരം ആരോടും പറയാതെ അടുത്തുള്ള സായി സംഘ് സമിതിയുടെ സഹായത്തോടെ മൃതദേഹം മറവ് ചെയ്തു. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽനിന്നും താൽക്കാലിക ആശ്വാസമെന്ന നിലയിൽ പാപ്പാത്തിയുടെ കുടുംബത്തിന് 20 കിലോ അരിയും 2 കിലോ പയറും നൽകിയതിന് പുറമേ കോളനിയിലെ മറ്റ് കുടുംബങ്ങൾക്കും അരിയും പയറും നൽകിയിട്ടുണ്ട്. ഈ കുട്ടിയുടെ ചികിൽസയ്ക്കായി ഗവൺമെന്റ് എല്ലാവിധ സഹായങ്ങളും ചെയ്തിരുന്നു. ഗവൺമെന്റിൽനിന്നോ ബന്ധപ്പെട്ട വകുപ്പിൽനിന്നോ യാതൊരു വീഴ്ചയും ഇക്കാര്യത്തിലുണ്ടായിട്ടില്ല. കോളനിയിൽ ആവശ്യമായ റോഡുണ്ട് രണ്ട് വർഷത്തിനകം പരിപൂർണ്ണമായും കോളനി വൈദ്യുതീകരിക്കുന്നതിന് ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്. അട്ടപ്പാടി കോളനിയിലും അരി എത്തിച്ചിട്ടുണ്ട്.

**(8) <u>വൈദ്യുതി കണക്ഷന് വില്ലേജ് ഓഫീസറുടെ എൻ.ഒ.സി.</u>**

**<u>ശ്രീ. റോഷി അഗസ്റ്റിൻ</u>:** ഇടുക്കി ജില്ലയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസറുടെ എൻ.ഒ.സി. ഹാജരാക്കണമെന്ന വ്യവസ്ഥ വന്നിരിക്കുകയാണ്. ഈ വ്യവസ്ഥ പിൻവലിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>:** ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ കണ്ണൻദേവൻ ഹിൽസ് വില്ലേജിലുള്ള വ്യാജ പട്ടയം നിശ്ചയിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടാണ് സർക്കാർ ഈ രീതിയിലുള്ള ഉത്തരവ് ഇറക്കിയത്.

റവന്യൂ വകുപ്പിന്റെ നിർദ്ദേശത്തെത്തുടർന്ന് ഇടുക്കി ജില്ലയിലെ വൈദ്യുതീകരണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഈ ഉത്തരവിൽ മാറ്റം വരുത്തണമെന്ന് റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## (9) കയർത്തൊഴിലാളികൾ നേരിടുന്ന വിഷമതകൾ

**ശ്രീ. വർക്കല കഹാർ**: കയർത്തൊഴിലാളികൾക്ക് മിനിമം വേജസ് ലഭിക്കുന്നില്ല. കാലാകാലങ്ങളിലെ എഗ്രീഡ് വേജസിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകുന്നത്. കയറിന് വില കൂടുകയും ഉൽപ്പാദനച്ചെലവ് കുറയുകയും ചെയ്തിട്ടും ലാഭ വിഹിതം തൊഴിലാളികൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ അവർക്ക് അർഹമായ കൂലി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

(ശ്രീ. ആനത്തലവട്ടം ആനന്ദനും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.)

**സഹകരണവും ദേവസ്വവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ)**: കൂലി വർദ്ധനവിനുവേണ്ടി കയർത്തൊഴിലാളികളുടെ വ്യാപകമായ സമരം നടക്കുകയാണ്. താമസിയാതെതന്നെ കയർ-തൊഴിൽ വകുപ്പുമന്ത്രിമാർ കോൺഫറൻസ് വിളിച്ച് പ്രശ്നത്തിന് പരിഹാരം കണ്ടെത്തും. കയർ വ്യവസായത്തിൽ ഡിസ്ട്രസ് പർച്ചേസ് അടക്കമുള്ള ധാരാളം കാര്യങ്ങൾ നടപ്പാക്കാൻ ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

## (10) മണിയാർ കരകവിഞ്ഞൊഴുകുന്നത് സംബന്ധിച്ച്

**ശ്രീ. രാജു എബ്രഹാം**: കനത്ത മഴയെത്തുടർന്ന് കരകവി ഞ്ഞൊഴുകുന്ന മണിയാർ അണക്കെട്ടിന്റെ ഷട്ടർ ഉയർത്താൻ കഴിയാത്ത

സാഹചര്യത്തിൽ പട്ടാളത്തിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി** <u>**(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)**</u>: മണിയാർ ഡാമിലെ ജലനിരപ്പ് ബാരേജിൽനിന്ന് രണ്ട് മീറ്റർ താഴ്ന്നതായാണ് അറിഞ്ഞത്. ഷട്ടറിന്റെ അടിയിൽക്കൂടി പരമാവധി വെള്ളം ഒഴുക്കാനുള്ള നടപടി ക്രമീകരിച്ചിട്ടുണ്ട്. റിപ്പെയർ ചെയ്ത രണ്ട് വീലുകൾ ഇന്ന് കൊണ്ടുവന്ന് രണ്ട് ഷട്ടറുകൾ ഉയർത്താൻ കഴിയും. ഈ സാഹചര്യത്തിൽ പട്ടാളത്തിന്റെ സേവനം ആവശ്യമില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനപരിധിയിൽ ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ സൈന്യത്തിന്റെ സഹായം ലഭ്യമാക്കുന്നതാണ്.

**(11) <u>കെ.ഐ.പി. പുറമ്പോക്ക് ഭൂമിയിലെ കുടിയൊഴിപ്പിക്കൽ</u>**

<u>**ശ്രീ. കെ.ബി. ഗണേഷ് കുമാർ**</u>: കല്ലട ഇറിഗേഷൻ പദ്ധതിയുടെ കനാൽ പുറമ്പോക്കിൽ ഒന്ന്-ഒന്നര സെന്റ് ഭൂമിയിൽ താമസിക്കുന്ന മുന്നൂറോളം കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിരിക്കുകയാണ്. ഒഴിപ്പിക്കൽ നടപടി പിൻവലിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി** <u>**(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)**</u>: 5 സെന്റിന് താഴെ ഭൂമിയുള്ള ഒരാളെയും ഒഴിപ്പിക്കാൻ പാടില്ലെന്ന ഗവൺമെന്റ് നിർദ്ദേശം പാലിക്കപ്പെടും. മറ്റ് ഒഴിപ്പിക്കൽ നടപടികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയശേഷമേ പാടുള്ളൂവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(12) <u>മൂവാറ്റുപുഴയിൽ കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ സർക്കിൾ ഓഫീസ്.</u>**

<u>**ശ്രീ. ബാബു പോൾ**</u>: കേരളത്തിലെ വൈദ്യുതി ട്രാൻസ്മിഷന്റെ മൂന്നിലൊന്ന് ഭാഗവും നടക്കുന്ന കളമശ്ശേരി ട്രാൻസ്മിഷൻ സർക്കിൾ ഓഫീസ് വിഭജിക്കാനും കല്ലൂർക്കാട് സബ്സ്റ്റേഷൻ നിർമ്മാണം

ആരംഭിക്കാനും പോത്താനിക്കാട്, ഭൂതത്താൻകെട്ട് സബ്സ്റ്റേഷനുകളുടെ നിർമ്മാണം ത്വരിതപ്പെടുത്താനും മൂവാറ്റുപുഴ സബ്സ്റ്റേഷന്റെ കപ്പാസിറ്റി എൻഹാൻസ്മെന്റ് സ്കീം സമയബന്ധിതമായി നടപ്പിലാക്കാനുമായി മൂവാറ്റുപുഴ ആസ്ഥാനമായി ഒരു ട്രാൻസ്മിഷൻ സർക്കിൾ രൂപീകരിക്കണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>**: വൈദ്യുത ഉപഭോഗത്തിന്റെ അളവ്, പ്രസരണ ലൈനുകളുടെയും സബ്സേറ്റേഷനുകളുടെയും വൈപുല്യം, ഭാവി വികസന സാധ്യതകൾ എന്നിവ കണക്കിലെടുത്താണ് ട്രാൻസ്മിഷൻ സർക്കിളുകൾ തുടങ്ങുന്നത്. എറണാകുളം, ഇടുക്കി ജില്ലകളിൽ നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങൾ പരിഗണിച്ച് മൂവാറ്റുപുഴയിൽ ഒരു ട്രാൻസ്മിഷൻ സർക്കിൾ രൂപീകരിക്കുന്ന കാര്യം കെ.എസ്.ഇ.ബി.-യുടെ സജീവ പരിഗണനയിലുണ്ട്.

## ധനകാര്യം

### <u>2007-08 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>**: താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XVIII –വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും
(847,66,05,000 രൂപ)

ധനാഭ്യർത്ഥന നമ്പർ - XIX- കുടുംബക്ഷേമം
(100,00,00,000 രൂപ)

**ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):** താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII- മത്സ്യബന്ധനം
(75,55,65,000 രൂപ)

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):** പ്രമേയങ്ങളെ പിന്താങ്ങുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്):** വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(സർവ്വശ്രീ കെ.സി. ജോസഫ്, കെ. ബാബു, ബി. ബാബുപ്രസാദ്, കെ. ശിവദാസൻ നായർ, തേറമ്പിൽ രാമകൃഷ്ണൻ, ജോസഫ് എം. പുതുശ്ശേരി, ജി. കാർത്തികേയൻ, ആര്യാടൻ മുഹമ്മദ്, കെ.സി. വേണുഗോപാൽ, എം.എ. വാഹീദ്, ടി.എൻ. പ്രതാപൻ, കെ.കെ. ഷാജു, തോമസ് ചാഴികാടൻ, സി.ടി. അഹമ്മദ് അലി, കെ.കുട്ടി അഹമ്മദ് കുട്ടി, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, പി.സി. വിഷ്ണുനാഥ്, അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, റോഷി അഗസ്റ്റിൻ, എം. മുരളി, യു.സി. രാമൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

**<u>ശ്രീ. ടി.എൻ. പ്രതാപൻ:</u>** ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ പടർന്നുപിടിച്ച പകർച്ചപ്പനി ഉൾപ്പെടെയുള്ള രോഗങ്ങളെ നേരിടുന്ന കാര്യത്തിൽ ഇത്രയും ദുർബ്ബലമായ കാലഘട്ടം പൊതുജനാരോഗ്യരംഗത്ത് ഇതിനു മുമ്പുണ്ടായിട്ടില്ല. സുനാമി ദുരന്തത്തെത്തുടർന്ന് ജീവിതക്ലേശം അനുഭവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ തീരപ്രദേശങ്ങളിൽ കഴിയുന്ന പരമ്പരാഗത മൽസ്യത്തൊഴിലാളികളെയും അവരെ ആശ്രയിച്ചു കഴിയുന്ന അനുബന്ധ തൊഴിലാളികളെയും സഹായിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവണ്മെന്റ് അനുവദിച്ച പദ്ധതികൾ നടപ്പാക്കുന്നതിൽ ഗവണ്മെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. മുൻ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് എ.ഡി.ബി, കേന്ദ്രസർക്കാർ, സന്നദ്ധ സംഘടനകൾ, രാജീവ്ഗാന്ധി ദുരിതാശ്വാസ പദ്ധതി, കേന്ദ്ര പ്ളാനിംഗ് കമ്മിഷൻ, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി എന്നിവ മുഖേന ലഭിച്ച 2016.44 കോടി രൂപയിൽ 116.77 കോടി രൂപയുടെ പദ്ധതികൾക്ക് മാത്രമാണ് ഭരണാനുമതി നൽകി നടപ്പിലാക്കിയത്. തീരദേശത്തെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് 12-ാം ധനകാര്യ കമ്മിഷന് കൊടുത്ത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കിട്ടിയ 198 കോടി രൂപ വിനിയോഗിച്ച് കടൽഭിത്തി കെട്ടുന്ന പദ്ധതിയിൽ ടെണ്ടർ നടപടികൾ പൂർത്തിയായ ഭാഗത്തുപോലും പണികൾ നടത്താൻ കഴിഞ്ഞിട്ടില്ല. കരിങ്കൽ കിട്ടാനില്ലാത്ത സാഹചര്യത്തിൽ ബദൽ സംവിധാനത്തെപ്പറ്റി ഗവണ്മെന്റ് ആലോചിക്കണം. സുനാമി ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി കേന്ദ്ര ഗവണ്മെന്റ് അനുവദിച്ച പണമുപയോഗിച്ച്

മത്സ്യഫെഡിലെ ജീവനക്കാർക്ക് റിലയൻസ് മൊബൈൽ ഫോണുകളും വാഹനവും വാങ്ങിക്കുകയും അധിക ജീവനക്കാരെ നിയമിക്കുകയും ചെയ്ത നടപടി മത്സ്യത്തൊഴിലാളികളോട് ഈ ഗവണ്മെന്റിനുള്ള സമീപനത്തെയാണ് കാണിക്കുന്നത്. തീരദേശ ജില്ലകളിലേയ്ക്ക് മിഷൻ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുമ്പോൾ യോഗ്യതയുള്ള തീരദേശ മൽസ്യത്തൊഴിലാളികളിൽനിന്ന് തെരഞ്ഞെടുക്കണം. മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആവിഷ്ക്കരിച്ച 21 ഇന പദ്ധതികൾ നടപ്പാക്കാനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പണം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഫിഷറീസ് രംഗത്ത് ഒരു പുത്തനുണർവ്വ് സൃഷ്ടിച്ചിരിക്കുകയാണ്. സഭ പാസ്സാക്കിയ ട്രോളിംഗ് നിരോധന നിയമം മത്സ്യത്തൊഴിലാളികൾക്ക് ഏറെ ആശ്വാസം പകരുന്നതാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ആരോഗ്യമേഖലയിൽ നടന്നത് കുത്തഴിഞ്ഞ പ്രവർത്തനങ്ങളായിരുന്നു. ആലപ്പുഴ, തൃശ്ശൂർ ജില്ല കളിലായി രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ അനുവദിച്ചു. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകൾക്ക് നബാർഡിൽ നിന്നും മുടങ്ങിക്കിടന്നിരുന്ന 19 കോടി രൂപയും കോഴിക്കോട് മാതൃശിശു ആരോഗ്യ കേന്ദ്രത്തിന് 50 കോടി രൂപയും അനുവദിച്ചു. പി.എസ്.സി. ലിസ്റ്റിൽ നിന്നും ഡോക്ടർമാരേയും എൻ.ആർ.എച്ച്.എം.ൽ നിന്നും 2000-ത്തോളം നഴ്സു മാരേയും നിയമിച്ചു. തൃപ്പൂണിത്തുറ ആയുർവേദ കോളേജിന് 13 പുതിയ തസ്തികകൾ അനുവദിക്കുകയും ഒരു കോടി രൂപ ചെലവഴിച്ച് പേവാർഡു

കൾ പണിയുകയും ചെയ്തു. പൂജപ്പുര പഞ്ചകർമ്മ ആയുർവേദകേന്ദ്രം അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ പോകുന്നു. ഔഷധിക്കുവേണ്ടി മൂന്നുകോടി രൂപ മുടക്കി റീജിയണൽ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. ഹോമിയോ, ആയുർവ്വേദ രംഗങ്ങളിലും ഈ മാതൃകയാണ് ഗവൺമെന്റ് പിന്തുടരുന്നത്. എസ്.എ.ടി. അടക്കമുള്ള ആശു പത്രികളിൽ ഹൗസ് കീപ്പിംഗ് ആരംഭിച്ചു. ആശുപത്രികളിലെ ഒ.പി. സമയം ഉച്ചകഴിഞ്ഞ് രണ്ട് മണി മുതൽ മൂന്ന് മണിവരെ പുതുതായി ഏർപ്പെടുത്താൻ കഴിഞ്ഞു. മുൻ ഗവൺമെന്റിന്റെ കാലത്ത് ചെലവഴിക്കാതിരുന്ന എൻ.ആർ. എച്ച്.എം. ഫണ്ട് കൃത്യമായി കമ്മിറ്റികൾ കൂടി ഈ ഗവൺമെന്റ് ചെലവഴി ക്കുകയാണ്. ഒരു നിയോജകമണ്ഡലത്തിൽ ഒരു ലക്ഷം രൂപ മുടക്കി ആരോഗ്യമേള നടത്തി. കേന്ദ്ര ഗവൺമെന്റുമായുള്ള ചർച്ചയെത്തുടർന്ന് 'ആയുഷ്'ന്റെ മൂന്നരക്കോടി രൂപ കേരളത്തിന് അനുവദിച്ചു. മരുന്നുവാ ങ്ങാനുള്ള പർച്ചേസ് കമ്മിറ്റിയിൽ ഒരു ഐ.എ.എസ്. ഓഫീസറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം വളരെ സജീവമാക്കാൻ കഴിഞ്ഞു. മുൻ ഗവൺമെന്റിന്റെ കാലത്ത് ഡെങ്കിപ്പനിയും ജപ്പാൻ ജ്വരവും മറ്റും പടർന്നുപിടിച്ചപ്പോൾ അത് നേരിടുന്നതിന് 62 ലക്ഷം രൂപ നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 4.75 കോടി രൂപയാണ് മരുന്നുവാങ്ങുന്നതിന് മാത്രമായി കൊടുത്തിട്ടുള്ളത്. പനി ബാധിത പ്രദേശങ്ങളിലെ മുഴുവൻ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും ആരോഗ്യ വകുപ്പുമന്ത്രി സന്ദർശിക്കുകയും ഓരോ ആരോഗ്യ കേന്ദ്രത്തിനും 75,000 രൂപ വീതം അനുവദിക്കുകയും കിട്ടാവുന്ന സ്ഥലങ്ങളിൽ നിന്നെല്ലാം ഹൗസ് സർജൻമാരെ വരുത്തി ഡോക്ടർമാരുടെ അപര്യാപ്തതയ്ക്ക്

പരിഹാരം കാണുകയും ചെയ്തു. രണ്ട് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ റേഷൻ കൊടുക്കാൻ തീരുമാനിച്ചു. കേരളത്തിന്റെ കിഴക്കൻ മേഖലകളിലെ പൈനാപ്പിൾ കൃഷിക്ക് വ്യാപകമായി ഹോർമോണുകളും കെമിക്കലുകളും ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകണം. റാന്നി താലൂക്ക് ആശുപത്രിയിൽ ആവശ്യമായ സ്ഥിരം തസ്തിക സൃഷ്ടിച്ച് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഏറ്റവും കൂടുതൽ രോഗാതുരമായ ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. നിർമ്മാർജ്ജനം ചെയ്തുവെന്നു കരുതുന്ന ക്ഷയരോഗവും മലേറിയയും ഇവിടെനിന്നും പോയിട്ടില്ല. നഗരങ്ങളിലെ ശിശുമരണ നിരക്ക് ആയിരത്തിന് 18 ആയി വർദ്ധിച്ചിരിക്കുകയാണ്. കേരളം പനിമരണങ്ങളുടെ മുമ്പിൽ ഞെട്ടി പകച്ചുനിൽക്കുന്നതിനെ തികഞ്ഞ ലാഘവബുദ്ധിയോടുകൂടി ഈ ഗവൺമെന്റ് കാണുന്നത് കുറ്റകരമായ അനാസ്ഥയാണ്. ഇതിന് അടിയന്തിര പരിഹാര നടപടികളാണ് ആവശ്യമായിട്ടുള്ളത്. എസ്.എ.ടി.യിൽ അണുബാധയുണ്ടായി നവജാത ശിശുക്കൾ മരിച്ചപ്പോഴും ഈ ഗവൺമെന്റ് വലിയ അലംഭാവം കാണിച്ചു. തുടർച്ചയായുണ്ടാകുന്ന പനിമരണങ്ങളേയും മറ്റും നിസ്സാരവൽക്കരിക്കാനുള്ള ശ്രമം അപലപനീയമാണ്. സാധാരണ വൈറസ് തന്നെ മാരകമായി വരികയും മരണകാരണമാവുകയും ചെയ്യുന്നുണ്ട്. വൈറസ് മ്യൂട്ടേഷനുണ്ടായിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കണം. ആരോഗ്യ രംഗത്തെ പുതിയ വെല്ലുവിളികളെ നേരിടുന്നതിന് സമഗ്രമായ കാഴ്ചപ്പാടോടുകൂടി ഗവൺമെന്റ് ഉണർന്നു പ്രവർത്തിക്കണം.

<u>**ശ്രീ. കെ. രാജു**</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസിത രാജ്യങ്ങളിലെ ശരാശരി ആയുസ്സിന് തുല്യമായി കേരളത്തിലെ ശരാശരി ആയുസ് വളർന്നിട്ടുണ്ട്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകൾ പൊതുജനാരോഗ്യരംഗം പ്രത്യേകമായി ശ്രദ്ധിക്കുകയും അക്കാര്യത്തിൽ ഒരു നയം രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി വില്ലേജുകളിൽ പി.എച്ച്. സബ്സെന്ററുകളും പഞ്ചായത്തുകളിൽ പി.എച്ച്.സി.കളും സി.എച്ച്.സി.കളും സ്ഥാപിക്കുന്നതിനും താലൂക്ക് ആശുപത്രി മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആരോഗ്യരംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞു. പൊതുജനാരോഗ്യരംഗം മെച്ചപ്പട്ട രീതിയിലാണ് മുന്നോട്ടു പോകുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വകാര്യ ആശുപത്രികൾക്ക് എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന നയം സ്വീകരിച്ചതുകൊണ്ടാണ് പൊതുജനാരോഗ്യ രംഗത്ത് തകർച്ച വന്നിട്ടുള്ളത്. എൻ.ആർ.എച്ച്.എം.-ന്റെ സഹായത്തോടെ ആരോഗ്യ രംഗത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. മെഡിക്കൽ കോളേജുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിന് നാല് കോടി രൂപ അനുവദിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിന് കേന്ദ്ര ഗവൺമെന്റിൽനിന്ന് നൂറ് കോടിയിലധികം രൂപ അനുവദിപ്പിച്ചുകൊണ്ട് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 20 ലക്ഷം രൂപവീതം അനുവദിച്ച് സി.എച്ച്.സി. കളുടെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു. പകർച്ചപ്പനിയെ സംബന്ധിച്ച് പഠിക്കുന്നതിനായി കേന്ദ്ര സംഘം ഇവിടെ പര്യടനം നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളാ ഗവൺമെന്റ് പകർച്ചപ്പനി

നിയന്ത്രിക്കാൻ എടുത്ത നടപടികളെ കേന്ദ്ര മന്ത്രി പ്രശംസിക്കുകയാണ് ചെയ്തത്. പകർച്ചപ്പനി നേരിടുന്ന കാര്യത്തിൽ ഒരു ഗവൺമെന്റിന് കഴിയാവുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഈ അവസരത്തിൽ ജനങ്ങളോട് ആത്മാർത്ഥതയുള്ള പ്രതിപക്ഷം ഹർത്താലിന് ആഹ്വാനം ചെയ്യുകയല്ല മറിച്ച് ഭരണപക്ഷവുമായി യോജിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തുകയാണ് ചെയ്യേണ്ടത്. ആശുപത്രികളിൽ ആവശ്യമുള്ളത്ര ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കാൻ നടപടി സ്വീകരിക്കണം. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് കർശനമായി തടയുന്നതിനും മായം ചേർക്കുന്നവരെ ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. ഫുഡ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തണം.

<u>**ശ്രീ. തോമസ് ചാഴികാടൻ**</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുജനാരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും യു.ഡി.എഫ്. ഗവൺമെന്റ് കൈവരിച്ച നേട്ടങ്ങളെ തകർക്കുന്ന കാഴ്ചയാണ് ഇപ്പോൾ കാണുന്നത്. കേരളം ഇന്ന് പകർച്ചപ്പനിയുടെ പിടിയിലാണ്. പകർച്ചപ്പനി നേരിടുന്ന കാര്യത്തിൽ ഗവൺമെന്റ് ഇതുവരെ ചെയ്ത കാര്യങ്ങളൊന്നും വിജയിച്ചില്ല. ഈ ഗവണ്മെന്റിന് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വേണ്ടവിധത്തിൽ നടപ്പാക്കാൻ കഴിഞ്ഞില്ല. കോട്ടയം മെഡിക്കൽ കോളേജിനുവേണ്ടി പത്ത് കോടി രൂപയുടെ ഒരു പദ്ധതി നബാർഡിന് സമർപ്പിച്ചിരുന്നു. പത്ത് കോടി രൂപയുടെ രണ്ട് പ്രോജക്ടുകളായ ഗൈനക്കോളജി ബ്ളോക്കിനും കാർഡിയോ തൊറാസിക് യൂണിറ്റിനും കൂടി അഞ്ചരക്കോടി രൂപയും ബാക്കി കാഷ്വാലിറ്റി ബ്ലോക്കിനും ദ്രവ-മാലിന്യ സംസ്ക്കരണ പ്ളാന്റിനും വേണ്ടിയായിരുന്നു. നബാർഡ് കഴിഞ്ഞ വർഷം

ഓൺഗോയിംഗ് പ്രോജക്ടുകളായ ഗൈനക്കോളജി ബ്ളോക്കിന്റെയും കാർഡിയോ തൊറാസിക് യൂണിറ്റിന്റേയും അംഗീകാരം നൽകി. പുതിയ രണ്ട് പ്രോജക്ടിന് അംഗീകാരം കിട്ടിയിട്ടില്ലെന്നുള്ളത് ഖേദകരമാണ്. കോട്ടയം മെഡിക്കൽ കോളേജിലെ ക്യാൻസർ ആശുപത്രിയിൽ രണ്ട് ടെലി കോബാൾട്ട് മെഷീനാണുള്ളത്. അതിൽ ഒന്ന് ഡിസ്കാർഡ് ചെയ്തു. രണ്ടാമത്തേതിന് 25 ശതമാനംപോലും കപ്പാസിറ്റിയില്ലെന്ന് എല്ലാ ഡോക്ടർമാരും സർട്ടിഫിക്കറ്റ് നൽകിയതാണ്. രണ്ടാമത്തെ ടെലി കോബാൾട്ട് മെഷീന്റെ സോഴ്സ് റീപ്ളെയ്സ് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കണം.

<u>**ശ്രീ. കെ.പി. മോഹനൻ**</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യ രംഗത്ത് മികച്ച നേട്ടങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. എൻ.ആർ.എച്ച്.എം-ന്റെ ഫണ്ടുപയോഗിച്ച് ഗ്രാമീണ തലത്തിൽ 115 സി.എച്ച്.സി. കളുടെ വികസനം ഏറ്റെടുത്ത് മുന്നോട്ടുപോകണം. സി.എച്ച്.സി-കളിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം. പി.എച്ച്.സി-കളുടെ വികസനം ഡി.എം.ഒ. മുഖാന്തിരം കോ-ഓർഡിനേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം. ഹോമിയോ ചികിൽസാ രംഗത്ത് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം. സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനും പാവപ്പെട്ടവർക്കുകൂടി അവിടെ ചികിൽസ ലഭ്യമാക്കുന്നതിനും ഒരു നയം കൊണ്ടുവരണം. മൽസ്യ വിൽപ്പനക്കാർക്കും കായലോര മേഖലയിലെ മൽസ്യത്തൊഴിലാളികൾക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകണം.

**<u>ശ്രീ. വി. സുരേന്ദ്രൻപിള്ള</u>:** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോട്ടയം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ പനി പടർന്നുപിടിച്ച അവസരത്തിൽ ഗവൺമെന്റ് തക്കസമയത്ത് ഇടപെട്ടതുകൊണ്ട് മറ്റ് ജില്ലകളിലേയ്ക്ക് അത് വ്യാപിച്ചില്ല. പകർച്ചപ്പനി തടയുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ അണുബാധമൂലം കുട്ടികൾ മരിക്കാൻ ഇടയായ സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ജീവനക്കാരുടെമേൽ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും കൂടുതൽ ജീവനക്കാരെ നിയമിക്കുകയും ആവശ്യമായ തുക അനുവദിക്കുകയും കൺട്രോൾ റൂം തുറന്ന് പ്രവർത്തനം ആരംഭിക്കുകുയും ചെയ്ത് മൂന്നുനാല് ദിവസങ്ങൾക്കുള്ളിൽത്തന്നെ ഈ ആശുപത്രിയുടെ പ്രവർത്തനം സാധാരണ നിലയിലാക്കി. തീരദേശ മൽസ്യത്തൊഴിലാളികൾക്ക് കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ച് ചിന്തിക്കണം. ശാസ്ത്ര-സാങ്കേതിക രംഗത്തുണ്ടായ മികവ് പ്രയോജനപ്പെടുത്തി മൽസ്യബന്ധനത്തിനുപോകുന്ന തൊഴിലാളികളുടെ ജീവൻ രക്ഷിക്കാൻ നടപടി സ്വീകരിക്കണം.

**<u>ശ്രീമതി പി. അയിഷാ പോറ്റി</u>:** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. സർക്കാർ കേന്ദ്ര ഫണ്ട് പൂർണ്ണമായി ചെലവഴിക്കുന്നതിൽ വീഴ്ചവരുത്തി; ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയവ പടർന്നുപിടിച്ചപ്പോൾ യഥാസമയം നടപടി സ്വീകരിച്ചില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം നിരവധി പ്രവർത്തനങ്ങൾ ആരോഗ്യ മേഖലയിൽ ചെയ്തിട്ടുണ്ട്. വൈറൽ പനി പടർന്നുപിടിക്കാതിരിക്കാനും കേന്ദ്ര ഗവൺമെന്റിൽനിന്നും കൂടുതൽ തുക ലഭ്യമാക്കാനും യഥാസമയം നടപടി സ്വീകരിച്ചു. കൊട്ടാരക്കര

താലൂക്ക് ആശുപത്രിയിൽ ഫലപ്രദമായ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തി ഈ രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് ആവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും നിയമിച്ചു. കൊല്ലം ജില്ലാ ആശുപത്രിയിലും താലൂക്കാശുപത്രിയിലും സി.എച്ച്.സി.യിലും ആവശ്യത്തിനെ സ്റ്റാഫിനെ അനുവദിച്ചു. ആശുപത്രികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു. പകർച്ചപ്പനി തടയുന്നതിന് നിരന്തര ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. പകർച്ചപ്പനി വരാനുള്ള കാരണം കണ്ടെത്താനുള്ള നടപടികൂടി സ്വീകരിക്കണം. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമുണ്ടാക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ വരുത്തിയ മാറ്റങ്ങൾ ശ്രദ്ധേയമാണ്. മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ തുടങ്ങി. സ്വാശ്രയ-ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ മുഴുവൻ ജനങ്ങൾക്കും ബോധ്യപ്പെട്ട കാര്യമാണ്. കൊതുക് നിർമ്മാർജ്ജനത്തിന് അടിയന്തിര നടപടി സ്വീകരിക്കുകയും മാലിന്യ നിർമ്മാർജ്ജനം കൂടുതൽ കാര്യക്ഷമമാക്കുകയും വേണം. എൻ.ആർ.എച്ച്.എം.-ന്റെ പ്രവർത്തനം ശക്തമാക്കാൻ കഴിഞ്ഞു. കൊട്ടാരക്കര താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റിയും ട്രോമാ കെയർ യൂണിറ്റും അനുവദിക്കാനും സി.എച്ച്.സി.യിൽ രോഗികളെ കിടത്തി ചികിൽസിപ്പിക്കാനുമുള്ള സൗകര്യം ഏർപ്പെടുത്തണം.

**<u>ശ്രീ. കെ.ബി. ഗണേഷ് കുമാർ</u>**: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് പടർന്നുപിടിച്ചിരിക്കുന്ന പകർച്ചപ്പനിയെ നേരിടുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. കേരളത്തിൽ പനി ബാധിച്ച് ഇത്രയേറെ ആളുകൾക്ക് മരണം സംഭവിച്ചത് ആദ്യമായാണ്. ആശുപത്രികളുടെ സ്ഥിതി ശോചനീയമാണ്. കൊട്ടാരക്കരയും പുനലൂരുമുള്ള ആശുപത്രികളിൽ കിടക്ക, ബഡ്ഡ് ഷീറ്റ്, കൊതുകുവല തുടങ്ങിയവ വിതരണം ചെയ്യണം. സന്നദ്ധ സംഘടനകളുടെ സഹായം ഈ മേഖലയിൽ ഉറപ്പുവരുത്തണം. ആശുപത്രികളിൽ നൽകുന്ന പാരസെറ്റമോൾ ടാബ്ലറ്റിന്റെ ഗുണമേന്മ പരിശോധിക്കണം. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കണം.

**<u>ശ്രീ. പി.ടി.എ. റഹീം</u>**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പകർച്ചപ്പനി തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. പകർച്ചപ്പനി മൂന്നുവർഷം തുടർച്ചയായിനിൽക്കുമെന്നാണ് മുൻ ഗവൺമെന്റിന്റെ കാലത്തുതന്നെ കേന്ദ്ര സംഘം വെളിപ്പെടുത്തിയിട്ടുണ്ട്. ചിക്കുൻഗുനിയ ഉണ്ടാകുമെന്ന് മുന്നറിയിപ്പ് ലഭിച്ചിട്ടും യു.ഡി.എഫ്. സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല.

**<u>ശ്രീ. എ. പ്രദീപ്കുമാർ</u>**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവണ്മെന്റ് തകർത്ത് തരിപ്പണമാക്കിയ ആരോഗ്യ രംഗത്തെ പുനർനിർമ്മിക്കാനുള്ള പരിശ്രമങ്ങളാണ് ഈ ഗവണ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പശ്ചാത്തലവും സമൂഹത്തിൽ രോഗാതുരത വർദ്ധിക്കുന്നതിന്റെ കാരണങ്ങളും വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കണം. പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണവും

ശിശുമരണ നിരക്കും ഉയരുകയും കേരളീയ സമൂഹം ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ തകിടം മറിയുകയും ചെയ്യുന്ന കാഴ്ചയാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം കണ്ടത്. അത് പരിഹരിക്കാനുള്ള ശ്രമങ്ങളാണ് ഈ ഗവണ്മെന്റ് നടത്തുന്നത്. ആതുര ശുശ്രൂഷാ രംഗത്ത് അഭിമാനകരമായി പ്രവർത്തിച്ചിരുന്ന പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക്-ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയെ ദുർബ്ബലമാക്കുകയും നിയമന നിരോധനവും തസ്തിക വെട്ടിക്കുറയ്ക്കലും ഏർപ്പെടുത്തുകയും ചെയ്തിരുന്ന മുൻ ഗവണ്മെന്റിന്റെ നയത്തിൽ നിന്ന് വ്യത്യസ്തമായി ഈ ഗവണ്മെന്റ് ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും നഴ്സുമാരുടെയും ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിച്ചു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം എൻ.ആർ.എച്ച്.എം. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. സി.എച്ച്.സി.-കളുടെ പ്രവർത്തനങ്ങൾക്ക് 20 ലക്ഷം രൂപയും പി.എച്ച്.സി.-കളുടെ വികസനത്തിന് 25,000 രൂപയും അനുവദിച്ചുകൊണ്ട് സി.എച്ച്.സി.-കൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. വാർഡ്തല ശുചീകരണപ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിച്ചു. സബ് സെന്ററുകളുടെ പ്രവർത്തനത്തിനായി 10,000 രൂപ വീതം അനുവദിച്ചു. പി.എസ്.സി. വഴി 579 അസിസ്റ്റന്റ് സർജൻമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചു. മെഡിക്കൽ കോളേജുകളുടെ ആധുനികവൽക്കരണ ത്തിനായി 15 കോടി രൂപ അനുവദിച്ചു. മുൻ യു.ഡി.എഫ്. ഗവണ്മെന്റിന്റെ അവസരവാദപരമായ രാഷ്ട്രീയ നയം സമൂഹത്തെയും ആരോഗ്യ മേഖലയേയും തകർക്കുകയാണ് ചെയ്തത്.

<u>ശ്രീ. പി.എം.എ. സലാം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇല്ലായ്മ ചെയ്തു എന്ന് അവകാശപ്പെട്ടിരുന്ന പല രോഗങ്ങളും ഇന്ന് കേരളത്തെ കാർന്നുതിന്നുകയാണ്. ഈ സാഹചര്യത്തെ നേരിടാൻ വിദഗ്ദ്ധ ഡോക്ടർമാരുടെയും കേന്ദ്ര ആരോഗ്യ സംഘത്തിന്റെയും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെയും സഹായത്തോടെ നടപടികൾ സ്വീകരിച്ചു. എം.ബി.ബി.എസ്-ന് ഗവണ്മെന്റ് മേഖലയിൽ 100 സീറ്റ് വർദ്ധിപ്പിച്ചു. കോട്ടയം, തൃശൂർ ജില്ലകളിൽ നഴ്സിംഗ് മേഖലയിൽ 114 സീറ്റുകൾ വർദ്ധിപ്പിച്ചു. ആലപ്പുഴ-തൃശൂർ ജില്ലകളിൽ പുതിയ നഴ്സിംഗ് കോളേജുകൾ അനുവദിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനത്തിന് 100 കോടി രൂപ അനുവദിക്കുകയും കോട്ടയം-തൃശൂർ-ആലപ്പുഴ മെഡിക്കൽ കോളേജുകൾക്ക് നബാർഡിൽ നിന്ന് 100 കോടി രൂപ വീതം നേടിയെടുക്കുകയും ചെയ്തു. പി.എസ്.സി. ലിസ്റ്റിൽ നിന്ന് 579 ഡോക്ടർമാരേയും എൻ.ആർ.എച്ച്.എം. പദ്ധതി മുഖേന 400 ഡോക്ടർമാരെയും നിയമിക്കാൻ നടപടി സ്വീകരിച്ചു. വികസനത്തിന്റെ ഭാഗമായി 115 സി.എച്ച്.സി.-കളെ തെരഞ്ഞെടുക്കുകയും അവയ്ക്ക് 50 ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ അമ്മമാർക്ക് പ്രസവാനന്തര ആനുകൂല്യമായി ഗ്രാമീണ മേഖലയിൽ 700 രൂപയും നഗരത്തിൽ 600 രൂപയും കൊടുക്കാൻ നടപടി സ്വീകരിച്ചു. സ്ഥലം മാറ്റത്തിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കാനും ഹെപ്പറ്റൈറ്റിസ് ബി.-ക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് എർപ്പെടുത്താനും നടപടി സ്വീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ കാഷ്വാലിറ്റി വികസനം, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്ക് നിർമ്മാണം എന്നിവയ്ക്ക് തുക അനുവദിച്ചു. ഫാർമസി കോളേജിനായി ഒരു കോടി രൂപ ചെലവിൽ

ബിൽഡിംഗ് കൺസ്ട്രക്ഷൻ ആരംഭിച്ചു. ട്രോളിംഗ് നിരോധനകാലത്ത് മൽസ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി 2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ കൊണ്ടുവരാനും മൽസ്യബന്ധന ത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ആശ്വാസം പകരുന്ന കേരള മൽസ്യത്തൊഴിലാളി കളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ അവതരിപ്പിക്കാനും കഴിഞ്ഞത് ആശ്വാസം പകരുന്ന നടപടികളാണ്.

<u>**ശ്രീ. എ.എ. അസീസ്**</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് 5 കൊല്ലക്കാലം ആരോഗ്യ രംഗത്ത് പകർച്ചവ്യാധികൾ വരാതിരിക്കാനുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചിരുന്നില്ല. പല സ്ഥലത്തും ഐ.പി. യൂണിറ്റുകൾ നിർത്തലാക്കുകയും സി.എച്ച്.സി, പി.എച്ച്.സി എന്നിവിടങ്ങളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥയുമാണുണ്ടായിരുന്നത്. അതിൽ നിന്ന് വ്യത്യസ്തമായി ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികൾ നേരിടാൻ ഈ ഗവണ്മെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കുകയും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുകയുമാണ്. പി.എച്ച്.സി., സി.എച്ച്.സി, താലൂക്കാശുപത്രികൾ, ആയുർവേദ-ഹോമിയോ ആശുപത്രികൾ മുഖേന ഇത്തരം രോഗങ്ങൾ തടയാൻ പരമാവധി പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. 14 മാസക്കാലത്തിനുള്ളിൽ ആരോഗ്യ മേഖലയിലുണ്ടായിരുന്ന ഒഴിവുകൾ പരമാവധി നികത്താൻ നടപടി സ്വീകരിച്ചു. സമരാഹ്വാനങ്ങളിൽ നിന്ന് പിൻതിരിഞ്ഞ് പകർച്ചവ്യാധികൾ തടയുന്നതിനായി ജീവകാരുണ്യപ്രവർത്തനം നടത്താൻ പ്രതിപക്ഷം സഹകരിക്കണം. തീരദേശ മൽസ്യത്തൊഴിലാളികളെ പുനരധി

വസിപ്പിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടത്തുന്നത്.

ശ്രീ. എ.എം. ആരിഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തെ ബാധിച്ചിരിക്കുന്ന പകർച്ചവ്യാധികൾ തടയുന്നതിന് ക്രിയാത്മകമായി എന്തു ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. ആലപ്പുഴ ജില്ലയിൽ ചിക്കുൻഗുനിയ ബാധിച്ച അവസരത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമെന്യേ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി പകർച്ചവ്യാധികളിൽ നിന്ന് ആലപ്പുഴ ജില്ല വിമുക്തമായ അനുഭവത്തിന്റെ വെളിച്ചത്തിൽ അത്തരത്തിലുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് മൂൻതൂക്കം നൽകുകയാണ് വേണ്ടത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ കോളേജുകളിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുകയും ഡോക്ടർമാർ ലീവെടുത്ത് വിദേശത്തേയ്ക്ക് പോകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. ഡാമുകളിലെല്ലാം മീൻ വളർത്താൻ കഴിഞ്ഞാൽ സർക്കാരിന് അത് നല്ലൊരു വരുമാന മാർഗ്ഗമായി മാറും. കയറ്റുമതി മേഖലയായ അരൂരിലെ പീലിംഗ് ഷെഡ്ഡുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രത്യേക പരിഗണന നൽകണം. അരൂർ നിയോജകമണ്ഡലത്തിൽ പണി തീർന്നുകിടക്കുന്ന ആശുപത്രിയിൽ ഐ.പി. വിഭാഗം അനുവദിക്കാൻ നടപടിയുണ്ടാകണം.

(അടിയന്തിര പ്രമേയത്തിന്മേലുള്ള ചർച്ച തുടങ്ങുന്നതിനായി 12.30-ന് ധനാഭ്യർത്ഥനകളുടെ ചർച്ച നിർത്തിവച്ചു.)

## അടിയന്തിരപ്രമേയ ചർച്ച

**<u>ശ്രീ. കെ. സുധാകരൻ:</u>** കേരളം അഭിമുഖീകരിക്കുന്ന ഗുരുതരമായ കാലവർഷക്കെടുതിയെക്കുറിച്ചുള്ള അടിയന്തിരപ്രമേയം ചർച്ച ചെയ്യുന്നതിന് തയ്യാറായ ഗവൺമെന്റിന്റെ സമീപനത്തെ സ്വാഗതം ചെയ്യുന്നു. അടിയന്തിര പ്രമേയത്തിന് രാവിലെ മറുപടി പറഞ്ഞ ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി അതിന്റെ ഉത്തരവാദിത്വവും ഗൗരവവും കാണിക്കാൻ മുതിരാതിരുന്നത് ദൗർഭാഗ്യകരമാണ്. ഇന്നലെയുണ്ടായ കാല വർഷക്കെടുതിയിൽ ഔദ്യോഗിക കണക്കനുസരിച്ച് 15 പേർ മരിച്ചു എന്നാണ് അദ്ദേഹം പറഞ്ഞതെങ്കിലും 20 പേർ മരിച്ചതായും 9 പേരെ കാണാതായതായും പത്രമാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. പ്രളയക്കെടുതിമൂലം കഴിഞ്ഞ 47 ദിവസത്തിനുള്ളിൽ 133 പേരാണ് മരിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലൊരു കാലവർഷക്കെടുതി ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഒരു ഭാഗത്ത് ചിക്കുൻഗുനിയയും പകർച്ചപ്പനിയും മൂലം കേരളം വിറങ്ങലിച്ചുനിൽക്കുമ്പോൾ മറുഭാഗത്ത് പ്രകൃതിയുടെ പ്രഹരംകൊണ്ട് ജനങ്ങൾ ദുരിതമനുഭവിക്കുകയാണ്. ഇന്നലെ കോഴിക്കോട്, മലപ്പുറം ജില്ലകളിലായി 14 പേർ മരിക്കുകയും 9 പേരെ കാണാതാവുകയും ചെയ്തു. കണ്ണൂർ, വയനാട്, കോട്ടയം, ഇടുക്കി ജില്ലകൾ ഉരുൾപൊട്ടൽ ഭീഷണിയിലാണ്. നിറഞ്ഞുകവിഞ്ഞ ഡാമുകൾ തുറന്നുവിട്ടതുമൂലം നാടും നഗരവും വെള്ളത്തിലായി. ഇതിനെല്ലാംപുറമെ ആലപ്പുഴയിൽ കടലാക്രമണ ത്തിൽ ആയിരങ്ങൾ വീടുവിട്ടുപോകേണ്ടിവന്നിരിക്കുന്നു. ഈ ദുരന്തത്തിന്റെ ഗൗരവം കണക്കിലെടുത്താണ് ഇന്ന് ഹർത്താൽ ആചരിക്കാനുള്ള യു.ഡി. എഫ്.ന്റെ തീരുമാനം മാറ്റിവച്ചത്. കണ്ണൂർ-വയനാട് റോഡ് പൂർണ്ണമായും

തകരുകയും ഏക്കർ കണക്കിന് കൃഷിഭൂമി ഒലിച്ചുപോവുകയും ചെയ്തിരിക്കുന്നു. കൊറളായി ദ്വീപും കീരിയാട് കോളനിയും ബാഹ്യലോകത്തു നിന്നും ഒറ്റപ്പെട്ടിരിക്കുന്നു. ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മൂന്ന് സ്ഥലത്ത് ഉരുൾപൊട്ടുകയും നൂറുകണക്കിനേക്കർ കൃഷിഭൂമി നശിക്കുകയും ചെയ്തു. വയനാട്, കോഴിക്കോട് ജില്ലകളിലെ ഗതാഗതം തടസ്സപ്പെട്ട് മലയോര മേഖല പൂർണ്ണമായും ഒറ്റപ്പെട്ടിരിക്കുന്നു. വയനാട് ജില്ലയിൽ മാത്രം 67 ദുരിതാശ്വാസ ക്യാമ്പുകളിലായി 6000-ത്തോളം ആളുകൾ ആഴ്ചകളായി കഴിയുന്നു. ഭാരതപ്പുഴ, കടലുണ്ടി, ചാലിയാർ പുഴകൾ കരകവിഞ്ഞൊഴുകുന്നതുമൂലം കോഴിക്കോട് ജില്ല പ്രളയ ഭീഷണിയിലാണ്. മലപ്പുറം ജില്ലയിലെ വാണിയമ്പുഴ പാലം ഒലിച്ചുപോയതുകാരണം മുണ്ടേരി വനത്തിൽ മൂന്ന് ആദിവാസി കോളനിയിലെ 150 കുടുംബങ്ങൾ ഭക്ഷണമോ കുടിവെള്ളമോ ലഭിക്കാതെ ഒറ്റപ്പെട്ടുപോയിരിക്കുന്നു. ചുങ്കത്തറ പഞ്ചായത്തിലെ പല പ്രദേശങ്ങളും പുറംലോകവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുകയാണ്. പാലക്കാട് ജില്ലയിൽ 16 സ്ഥലത്ത് ഉരുൾപൊട്ടലുണ്ടായതുകാരണം കോടിക്കണക്കിന് രൂപയുടെ കൃഷിനാശം സംഭവിച്ചു. മംഗലം ഡാം പ്രദേശത്ത് നൂറിലധികം വീടുകൾ പൂർണ്ണമായി വെള്ളത്തിനടിയിലാണ്. നെല്ലിയാമ്പതി റോഡ് തകർന്ന് ഗതാഗതം തടസ്സപ്പെട്ടു. തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ വ്യാപകമായ കൃഷിനാശമുണ്ടായിരിക്കുന്നു. ആലപ്പുഴയിൽ 23 വീടുകൾ പൂർണ്ണമായും 929 വീടുകൾ ഭാഗികമായും തകർന്നു. വൈക്കം താലൂക്കിൽ മാത്രം നാലായിരത്തിലധികം വീടുകൾ വെള്ളത്തിനടിയിലാണ്. കല്ലാർകുട്ടി, മലങ്കര, ലോവർപെരിയാർ, പൊൻമുടി, പീച്ചി, വാഴാനി, പെരിങ്ങൽക്കുത്ത്, ചിമ്മിനി അണക്കെട്ടുകൾ തുറന്നുവിട്ടിരിക്കുന്നതുകാരണം ജനങ്ങൾ പ്രളയഭീഷണി

യിലാണ്. സംസ്ഥാനത്തുടനീളം വൈദ്യുതി ലൈനുകളും റോഡുകളും പാലങ്ങളും തകർന്നിരിക്കുന്നു. 28.6.2007-ലെ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടന്നുവരുന്നതായി മുഖ്യമന്ത്രി അറിയിച്ചെങ്കിലും ഇതുവരെയും യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. ദുരിതാശ്വാസ ക്യാമ്പുകളിലെ ദയനീയാവസ്ഥയ്ക്ക് പരിഹാരം കാണാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. നാശനഷ്ടം സംഭവിച്ചവർക്ക് ഇപ്പോൾ നൽകുന്ന ധനസഹായം അപര്യാപ്തമായതിനാൽ മരണമടഞ്ഞവരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപയും പൂർണ്ണമായി വീടുകൾ തകർന്നവർക്ക് ഒരു ലക്ഷം രൂപയും ഭാഗികമായി വീടുകൾ തകർന്നവർക്ക് 50,000 രൂപയും നഷ്ടപരിഹാരം കൊടുക്കുന്നതിനും ദുരിതമനുഭവിക്കുന്നവർക്ക് ഓണക്കാലംവരെ സൗജന്യറേഷൻ കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം. ദുരിതത്തിൽ നിന്നും കേരളത്തെ കരകയറ്റാനുള്ള സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും യു.ഡി.എഫ്.ന്റെ പിന്തുണയുണ്ടാകും.

<u>**ശ്രീ. പി വിശ്വൻ:**</u> കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പെരുവണ്ണാമൂഴി ഡാം ഇന്നലെ വൈകിട്ട് തുറന്നുവിട്ടതുമൂലം താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. കാലവർഷക്കെടുതിയിൽ കോഴിക്കോട് ജില്ലയിൽ മാത്രം 10 പേരും തിരുവമ്പാടി നിയോജകമണ്ഡലത്തിൽ 6 പേരും മരിച്ചു. ആയിരക്കണക്കിനാളുകളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റുകയുണ്ടായി. താഴ്ന്ന പ്രദേശങ്ങളിൽ ഇപ്പോഴും വെള്ളം കയറിക്കൊണ്ടിരിക്കുന്നു. കോരാപ്പുഴ പോലുള്ള പ്രദേശങ്ങളിൽ കടൽവെള്ളം ഒഴുകിയെത്തുന്നതും ഭീഷണിപരത്തിയിട്ടുണ്ട്. വൻതോതിൽ കൃഷിനാശവും സംഭവിച്ചിട്ടുണ്ട്. കോഴിക്കോട്

ജില്ലയിലെ ഭരണാധികാരികളും മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം മൂന്ന് മന്ത്രിമാരും ദുരിതത്തിൽപ്പെട്ടവരെ സഹായിക്കാനായി രംഗത്തുണ്ട്. ഈ രംഗത്ത് സർക്കാരിന്റെ കൂടുതൽ ഇടപെടലുണ്ടാകണം. കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ, ഗവൺമെന്റ് മെഷിനറിയെമാത്രം ആശ്രയിക്കാതെ ആയിരക്കണക്കിനാളുകൾ കോഴഞ്ചേരി, തിരുവമ്പാടി മേഖലകളിൽ സഹായത്തിനായി മുന്നോട്ടുവന്നിട്ടുണ്ട്.

__ശ്രീ. ബി. ബാബു പ്രസാദ്__: കേരളം പ്രളയദുരിതത്തിലാണ്. മുഖ്യമന്ത്രി ചെയർമാനായുള്ള ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. സുനാമി ദുരന്തത്തിൽപ്പെട്ട് 29 ആളുകൾ മരിച്ച ആറാട്ടുപുഴയിൽ കാലവർഷം മുൻകൂട്ടിക്കണ്ട് യാതൊരുവിധ പ്രതിരോധ നടപടികളും സ്വീകരിച്ചില്ല. കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിന്റെ പ്രവചനം ചെവിക്കൊള്ളാത്തതുമൂലം കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമാണ് അവിടെ സംഭവിച്ചിരിക്കുന്നത്. ഡാമുകൾ തുറന്നുവിട്ടതുമൂലം ഹരിപ്പാട്ടെ മിക്ക പ്രദേശങ്ങളും വെള്ളത്തിനടിയിലായിരിക്കുകയാണ്. ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസ നടപടികൾ എത്തിക്കാൻ നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിന് ഗവൺമെന്റ് ആത്മാർത്ഥത കാണിക്കണം.

__ശ്രീ. ബാബുപോൾ__: അതിശക്തമായ കാലവർഷത്തെത്തുടർന്ന് വ്യാപകമായ നാശനഷ്ടങ്ങളാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്. അതിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തിരമായി ഈ വിഷയം ചർച്ച ചെയ്യാൻ അവസരം നൽകിയ ഗവൺമെന്റ് നടപടി സ്വാഗതാർഹമാണ്. കാലവർഷക്കെടുതികളിൽ ഇന്നലെമാത്രം കുട്ടികളുൾപ്പെടെ 20 പേർ മരിക്കുകയും വ്യാപകമായ കൃഷിനാശമുണ്ടാവുകയും ആയിരക്കണക്കിന് വീടുകൾ തകരുകയും ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പല പ്രദേശങ്ങളും

ഇന്ന് വെള്ളത്തിനടിയിലാണ്. സ്കൂൾ കെട്ടിടങ്ങളും പാലങ്ങളും റോഡുകളും തകർന്നിരിക്കുകയാണ് പീച്ചി, മുല്ലപ്പെരിയാർ തുടങ്ങിയ ഡാമുകളിൽ വെള്ളം നിറഞ്ഞത് ജനങ്ങളിൽ ഭയവിഹ്വലത സൃഷ്ടിച്ചിരിക്കുന്നു. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ ദുരന്തങ്ങൾ നേരിടുന്നതിന് ഗവൺമെന്റ് നടത്തിയ ഇടപെടൽ ശ്ലാഘനീയമാണ്. ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിപ്പെടാൻ കഴിയാത്തവർക്കുകൂടി സൗജന്യ റേഷൻ അനുവദിക്കാനും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് അടിയന്തിര വൈദ്യസഹായം എത്തിക്കാനും മരണമടഞ്ഞവരുടെ കുടുംബത്തിന് നൽകുന്ന സഹായധനം വർദ്ധിപ്പിക്കാനും വീടുകൾ നഷ്ടപ്പെട്ടവർക്ക് ഒരു മാസത്തിനകം വീടുകൾ നിർമ്മിച്ചുകൊടുക്കാനും കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനും ഗതാഗതതടസ്സം നേരിട്ട റോഡുകൾ അടിയന്തിരമായി പുന:സ്ഥാപിക്കാനും. പ്രകൃതിദുരന്തത്തിനുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും ഒരു ദുരന്തനിവാരണ പദ്ധതിക്ക് രൂപം നൽകാനും കേന്ദ്രഗവൺമെന്റിന്റെ നിബന്ധനകളിൽ മാറ്റം വരുത്താനും നടപടി സ്വീകരിക്കണം.

<u>**ശ്രീ.കെ. കുട്ടി അഹമ്മദ് കുട്ടി**</u>: ഇപ്പോഴത്തെ കാലവർഷക്കെടുതിയുടെ ഭീകരത ഏറ്റവും കുടുതൽ അനുഭവിക്കേണ്ടിവന്നത് മലപ്പുറം ജില്ലയ്ക്കാണ്. മലപ്പുറം, തിരൂരങ്ങാടി, നിലമ്പൂർ, താനൂർ തുടങ്ങിയ പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ അനേകം വീടുകൾ ഒഴുകിപ്പോയി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വീട് നഷ്ടപ്പെട്ടവർക്ക് കൂടുതൽ തുക അനുവദിക്കണം. ഡിസാസ്റ്റർ മാനേജുമെന്റ് ആക്ടും ഡിസാസ്റ്റർ മാനേജുമെന്റ് അതോറിറ്റിയും രൂപീകരിച്ചെങ്കിലും പ്രകൃതിദുരന്തങ്ങളെ

മുൻകൂട്ടി കണ്ടറിയാനോ അവയ്ക്ക് പരിഹാരമാർഗ്ഗം കണ്ടെത്താനോ ഇതുവരെ കഴിഞ്ഞിട്ടില്ല അതിനാവശ്യമായ നടപടി സ്വീകരിക്കണം.

**ശ്രീ. വി. ശശികുമാർ**: പ്രളയദുരന്തത്തിന്റെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവന്ന മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം പഞ്ചായത്തിൽ 19 -ഓളം പേർ മരണമടഞ്ഞു.. ഭാരതപ്പുഴ, പൊന്നാനിപ്പുഴ, കടലുണ്ടിപ്പുഴ എന്നിവ നിറഞ്ഞു കവിയുകയും നാഷണൽ ഹൈവേ തകർന്ന് ഗതാഗതം നിലച്ചിരിക്കുകയുമാണ്. 83 വീടുകൾ പൂർണ്ണമായും 2479 വീടുകൾ ഭാഗികമായും തകർന്നു. പടിഞ്ഞാറേക്കര അഴിമുഖത്തെ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുകയാണ്. സന്നദ്ധസംഘടനകളും യുവജനസംഘടനകളും സജീവമായി അവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും. ഗവൺമെന്റിന്റെ അടിയന്തിര പ്രവർത്തനങ്ങൾ കൂടിയുണ്ടാകണം. വൻതോതിലുള്ള മണ്ണിടിക്കൽ പ്രകൃതിദുരന്തത്തിനു കാരണമാകുന്നതിനാൽ മണ്ണിടിക്കുന്നതു തടയാൻ നിയമനിർമ്മാണം കൊണ്ടുവരണം. ഡിസാസ്റ്റർ മാനേജുമെന്റിന്റെ പ്രവർത്തിനാവശ്യമായ ഉപകരണങ്ങൾ എത്തിക്കുന്നതിൽ ഗവൺമെന്റ് കുടുതൽ ശ്രദ്ധ ചെലുത്തണം. ദുരിതബാധിതർക്ക് കൂടുതൽ ദിവസത്തേയ്ക്ക് സൗജന്യ റേഷൻ അനുവദിക്കാനും നഷ്ടപ്പെട്ട വീടുകളുടെ പുനർനിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കാനും കേന്ദ്രത്തിൽ നിന്ന് കൂടുതൽ ധനസഹായം നേടിയെടുക്കുന്നതിനും യോജിച്ചു പ്രവർത്തിക്കണം. കാർഷിക വിളകളുടെ നഷ്ടപരിഹാരത്തുക എത്രയും പെട്ടെന്ന് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

**ശ്രീ. എം. മുരളി:** ആലപ്പുഴ നഗരം, പ്രത്യേകിച്ച് അപ്പർ കുട്ടനാട് പ്രദേശം മുഴുവൻ പ്രളയത്തിന്റെ നീരാളി പിടുത്തത്തിലാണ്. ഒരു മാസത്തിനിടയിൽ രണ്ടാമത്തെ പ്രാവശ്യമാണ് ഈ ജില്ലയിൽ

പ്രളയദുരന്തമുണ്ടായിരിക്കുന്നത്. വീടുകൾ നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് വേണ്ടത്ര ആശ്വാസം എത്തിക്കാൻ കഴിയുന്നില്ല എന്നുള്ളത് ഒരു ദു:ഖസത്യമാണ്. ദുരിതാശ്വാസ ക്യാമ്പുകളെ നോക്കുകുത്തികളാക്കി മാറ്റാതെ കേന്ദ്ര ഗവൺമെന്റ് നോംസിൽ മാറ്റം വരുത്തി യുദ്ധകാലാടിസ്ഥാനത്തിൽ ആവശ്യമായ സഹായങ്ങൾ എത്തിക്കാനും ആവശ്യമെങ്കിൽ അർദ്ധസൈനിക വിഭാഗത്തിന്റെ സഹായമഭ്യർത്ഥിക്കാനും തടസ്സപ്പെട്ടിരിക്കുന്ന ഗതാഗതവും വൈദ്യുതിയും പുന:സ്ഥാപിക്കാനും നടപടികൾ സ്വീകരിക്കണം.

**<u>ശ്രീ. എം.വി. ശ്രേയാംസ് കുമാർ</u>**: മഴയും മണ്ണൊലിപ്പും ഉരുൾപൊട്ടലും മൂലം വയനാട്ടിൽ നിരവധി കുടുംബങ്ങൾ വഴിയാധാരമാകുകയും 9 പേർ മരണമടയുകയും ചെയ്തു. അവർക്ക് അടിയന്തിര സഹായമെത്തിക്കാൻ നടപടി സ്വീകരിക്കണം. വളരെ ശ്ലാഘനീയമായ രീതിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. കൃഷിനാശം തിട്ടപ്പെടുത്താനാവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിക്കണം. വയനാട് ജില്ലയിലേയ്ക്കുള്ള മൂന്ന് ചുരങ്ങളിലും മണ്ണിടിച്ചിലുണ്ടായതിനെത്തുടർന്ന് ഈ ജില്ല ഒറ്റപ്പെട്ടിരിക്കുകയാണ്. റോഡുകൾ ഗതാഗതയോഗ്യമാക്കണം. ദുരിതാശ്വാസ പ്രവർത്തനത്തിന് പോലീസിന്റെയും പട്ടാളത്തിന്റെയും സേവനം ലഭ്യമാക്കണം. പ്രകൃതിക്ഷോഭങ്ങളെ മുൻകൂട്ടി കണ്ടെത്തി പ്രതിവിധി ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ദുരിതനിവാരണ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

**<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>** ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടൽമൂലം ഗുരുതരമായ നാശനഷ്ടമാണ്

ഉണ്ടായിരിക്കുന്നത്. ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാക്കാൻ ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകണം. കൊന്നത്തടി പഞ്ചായത്തിലുണ്ടായ ഉരുൾപൊട്ടലിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ജീവിക്കാനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും അവരുടെ ഭൂമിയുടെ വില നിശ്ചയിച്ച് നൽകുകയോ പകരം ഭൂമി നൽകുകയോ ചെയ്യണം. ഭാഗികമായും പൂർണ്ണമായും വീടു നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം വർദ്ധിപ്പിക്കണം. തകർന്നു പോയ എ.കെ.ജി. പടിപ്പാലം പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. പോലീസ്, ഫയർ ഫോഴ്സ് എന്നിവയെ ശക്തിപ്പെടുത്തുകയും. പ്രകൃതിദുരന്തങ്ങൾ കാലേകൂട്ടി മനസ്സിലാക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

<u>ശ്രീ. പി.ജെ. ജോസഫ്</u>: മുൻകാലങ്ങളിൽ പറമ്പുകളിലും കൃഷിയിടങ്ങളിലും മഴവെള്ളം താഴുന്നതിന് ശ്രദ്ധിച്ചിരുന്നു. ഓരോ തുള്ളി വെള്ളവും മണ്ണിൽ താഴുമായിരുന്നു. കയ്യാലകൾ നിർമ്മിച്ച് മരങ്ങൾ വച്ചുപിടിപ്പിച്ച് വാട്ടർഷെഡ് മാനേജുമെന്റ് ഫലവത്തായി നടപ്പാക്കിയിരുന്നു. മണ്ണിന് ജല സംഭരണശേഷിയുണ്ടായിരുന്നു. ഇന്ന് മരങ്ങൾ മുഴുവൻ വെട്ടി നശിപ്പിച്ചിരിക്കുന്നു. ഏകവിള കൃഷിയിലേയ്ക്ക് പോയിരിക്കുന്നു. ഡിസാസ്റ്റർ മാനേജുമെന്റ് ആക്ടിന്റെ കീഴിൽ സംസ്ഥാന ഡിസാസ്റ്റർ മാനേജുമെന്റ് അതോറിറ്റിയും ലോക്കൽ ബോഡീസ് അതോറിറ്റികളുമൊക്കെ നിലവിൽ വന്നിരിക്കുകയാണ്. ഡിസാസ്റ്റർ മാനേജുമെന്റ് ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കണം. വയനാട്-ഇടുക്കി പോലുള്ള സ്ഥിരം മലയിടിച്ചിലുണ്ടാകുന്ന മേഖലകളിൽ റോഡുണ്ടാക്കുമ്പോൾ സൈഡുകൾ ചരിവു കൊടുത്ത് മണ്ണിടിക്കണം; ഇപ്പോഴങ്ങനെയല്ല ചെയ്യുന്നത്.

കുമരകത്തെ തോടുകൾ മണ്ണടിഞ്ഞു കിടക്കുകയാണ്. ഡിസാസ്റ്റർ മാനേജുമെന്റ് ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കണം. 2006-07 വർഷങ്ങളിൽ കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. ധനകാര്യ കമ്മിഷൻ അനുവദിച്ച 94 കോടി രൂപ എത്രയും വേഗം വിനിയോഗിക്കണം. ആ തുക വിനിയോഗിച്ച ശേഷം ആവശ്യപ്പെട്ടാൽ മാത്രമേ കേന്ദ്രസഹായം ലഭിക്കുകയുള്ളൂ. റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി മഴവെള്ളം ഒഴുക്കിവിടാനുള്ള ചാലുകൾ ഉണ്ടാക്കണം.

<u>ശ്രീ. പി.സി. ജോർജ്</u>: കോട്ടയം ജില്ലയിലാണ് ഏറ്റവുമധികം ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടാകുന്നത് എന്നാണ് മനസ്സിലാക്കുന്നത്. പൂഞ്ഞാർ മണ്ഡലത്തിൽ ഏഴ് ഉരുൾപൊട്ടലുണ്ടായി. ഒരു മരണം സംഭവിച്ചു. നാശനഷ്ടം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റ് തയ്യാറാകുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം പൂർണ്ണമായും ഭാഗീകമായും വീട് നശിക്കുന്നവർക്ക് കൊടുക്കുന്ന നഷ്ടപരിഹാരത്തുകയും റേഷൻ സബ്സിഡി വിഹിതവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കേന്ദ്രത്തിൽ നിന്നും അർഹമായ സഹായം ലഭ്യമാക്കണം. നഷ്ടപരിഹാരം എത്രയും വേഗം കൊടുക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ.കെ. ഷാജു</u>: കാലവർഷക്കെടുതിമൂലം താഴ്ന്ന പ്രദേശങ്ങളാകെ വെള്ളത്തിനടിയിലാണ്. മലയോര പ്രദേശങ്ങൾ പ്രളയക്കെടുതിയിലാണ്. കുട്ടനാട് പ്രദേശം ഒറ്റപ്പെട്ടുപോയി. പന്തളത്ത് 25-ഓളം ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കാൻ അനുവദിക്കണം. ക്യാമ്പുകളിൽ അരി മാത്രം കൊടുത്താൽ പോര. ഒരു കുടുംബത്തിന് ദിവസവും രണ്ട് കിലോ അരിയും പലവ്യഞ്ജനങ്ങളും വിറകും നൽകണം.

പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് കേന്ദ്ര വിഹിതമായി 15,000 രൂപ കൊടുക്കുമ്പോൾ സംസ്ഥാന വിഹിതമായി 15,000 രൂപ കൂടി കൊടുക്കാൻ നടപടിയുണ്ടാകണം. കൃഷി നാശത്തിനനുവദിക്കുന്ന നഷ്ടപരിഹാരത്തുക സമയബന്ധിതമായി ചെലവഴിക്കാൻ ഏർപ്പാടുണ്ടാക്കണം. തണ്ണീർമുക്കം ബണ്ടിന്റെ പണി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>**ശ്രീ. പി.എം.എ സലാം**</u>: കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടയിൽ ഏറ്റവും വലിയ പ്രളയമാണുണ്ടായിരിക്കുന്നത്. പ്രളയക്കെടുതിമൂലം കോഴിക്കോട് താലൂക്കിൽ 9 പേർ മരിക്കുകയും 7 പേരെ കാണാതാവുകയും ചെയ്തു. കൊടിയത്തൂരിൽ രണ്ട് കുട്ടികൾ മണ്ണിടിഞ്ഞ് വീണ് മരിച്ചു. കൂടരഞ്ഞിയിൽ ഉരുൾപൊട്ടലിൽ 2 പേർ മരിച്ചു. 3 പേർ മുങ്ങി മരിച്ചു. .കടലിൽപ്പോയ രണ്ടു പേരെ കാണാനില്ല. ചാലിയാർ നദി കരകവിഞ്ഞൊഴുകുന്നു. മലയോര മേഖലകൾ ഒറ്റപ്പെട്ടു. ഗതാഗതതടസ്സമുണ്ടായി. ഇവിടെ ആയിരത്തോളം കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു. . ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണത്തിന് അരി മാത്രം കൊടുത്താൽ പോരാ; പലവ്യഞ്ജനവും മരുന്നും ലഭ്യമാക്കണം. വൈദ്യുതി ഇല്ലാത്ത ക്യാമ്പുകളിൽ ജനറേറ്റർ ഉപയോഗിച്ച് വിദ്യുച്ഛക്തി കൊടുക്കാൻ നടപടി സ്വീകരിക്കണം.

<u>**ശ്രീ. കെ.കെ ജയചന്ദ്രൻ**</u>: പ്രകൃതിദുരന്തംമൂലം കേരളത്തിലെ ജനങ്ങൾ വളരെ ആശങ്കയിലും ദുരിതത്തിലുമാണ്. ഇടുക്കി ജില്ല അതീവഗുരുതരമായ പ്രശ്നമാണ് അഭിമുഖീകരിക്കുന്നത്. നാല് പേർ മരിച്ചതിൽ മൂന്നും ഉടുമ്പൻചോല താലൂക്കിലാണ്. 29 പേർക്ക് പരിക്കുപറ്റി ഉടുമ്പൻചോല താലൂക്കിൽ 18 പ്രദേശങ്ങളിൽ ഉരുൾപൊട്ടലുണ്ടായിട്ടുണ്ട്. അവിടെ 175 വീടുകൾ പൂർണ്ണമായും 784 വീടുകൾ ഭാഗികമായും തകർന്നു. ഏകദേശം 10

കോടിയോളം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. 5532 ഹെക്ടർ സ്ഥലത്ത് കൃഷിനാശമുണ്ടായിട്ടുണ്ട്. 4 കോടി 93 ലക്ഷം രൂപയുടെ നഷ്ടമാണ് പി.ഡബ്ള്യു.ഡി-ക്ക് ഉണ്ടായിട്ടുള്ളത്. ഏകദേശം 25 കോടിയിലധികം രൂപയുടെ നാശനഷ്ടങ്ങൾ ഇടുക്കി ജില്ലയിലുണ്ടായിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി .മെച്ചപ്പെട്ട പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പത്ത് ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ആദിവാസി കോളനികൾ പല മേഖലകളിലും ഒറ്റപ്പെട്ടുപോയിട്ടുണ്ട്. ആദിവാസി കുടുംബങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മുല്ലപ്പെരിയാർ അണക്കെട്ടിലെ വെള്ളം 34.8 അടിയായി ഉയർന്നിട്ടുണ്ട്.. ആ പ്രദേശത്തെ ജനങ്ങൾ ആശങ്കയിലാണ്. റാന്നിയിൽ മണിയാർ അണക്കെട്ട് കര കവിഞ്ഞൊഴുകുകയാണ്. പട്ടാളത്തിന്റെ സഹായമുണ്ടെങ്കിൽ മാത്രമേ ഡാം സംരക്ഷിക്കാൻ കഴിയുകയുള്ളൂ. വീട് പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് കൊടുക്കുന്ന 15,000 രൂപ വർദ്ധിപ്പിക്കണം. ഭാഗികമായി തകർന്ന വീടുകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും വർദ്ധിപ്പിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ നോംസിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കണം. ആദിവാസി കോളനികളിൽ സൗജന്യ റേഷൻ കോടുക്കണം. മുല്ലപ്പെരിയാറിൽ ഫയർഫോഴ്സിന് ആധുനിക വാഹനങ്ങളും മറ്റു സഹായങ്ങളും നൽകണം. കൃഷിനാശം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണം. ഉരുൾപൊട്ടൽമൂലം ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കണം ഒരു പ്രത്യേക നിധി സ്വരൂപിച്ച് പ്രത്യേക സഹായം നൽകുന്നതിന് ഏകകണ്ഠമായ തീരുമാനം കൈക്കൊള്ളണം.

**ശ്രീ. എ.എ. അസീസ്:** സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിമൂലം വമ്പിച്ച നാശനഷ്ടങ്ങളാണുണ്ടായിട്ടുള്ളത്. ഗവൺമെന്റിന്റെ എല്ലാ മെഷിനറീസും പ്രവർത്തിപ്പിച്ചുകൊണ്ട് കാലവർഷക്കെടുതിയുണ്ടായ സ്ഥലങ്ങളിൽ മന്ത്രിമാർ സന്ദർശിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. വീടുകൾ തകർന്നവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾക്ക് മുൻഗണന നൽകണം. 15 വർഷങ്ങൾക്ക് മുൻപ് നിശ്ചയിച്ച കേന്ദ്ര ഗവൺമെന്റിന്റെ ഗൈഡ്‌ലൈനുകൾ അനുസരിച്ചുള്ള നഷ്ടപരിഹാരമാണ് നൽകിവരുന്നത്. ഇതിനു മാറ്റംവരുത്താൻ നടപടി സ്വീകരിക്കണം. കേന്ദ്രത്തിൽ നിന്ന് കൂടുതൽ തുക ആവശ്യപ്പെടണം. സുനാമി കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ളതുപോലെ സാംസ്കാരിക സംഘടനകളുടേയും അഭ്യുദയകാംഷികളുടേയും സഹായം ഇക്കാര്യത്തിലുണ്ടാകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. റിവർ മാനേജുമെന്റ് ഫണ്ടും കേന്ദ്ര കലാമിറ്റി ഫണ്ടും ഈ മേഖലകളിൽ ഉപയോഗപ്പെടുത്തണം.

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:** പ്രകൃതിക്ഷോഭ ദുരന്തത്തിൽ മരണമടഞ്ഞവരുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു. എടക്കാട് മണ്ഡലത്തിൽ വീടിന്റെ ഭിത്തി ഇടിഞ്ഞുവീണ് മരണപ്പെട്ട മുഹമ്മദ് റാഫിയുടെ കുടുംബത്തിന് കൂടുതൽ ധനസഹായം കൊടുക്കണം. കൃഷിനാശം സംഭവിച്ചവർക്കും വീടുകളും കടകളും തകർന്നവർക്കും ധനസഹായം നൽകണം. കടലാക്രമണം ഒരു ദേശീയ ദുരന്തമായി അംഗീകരിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.

**ശ്രീ. യു.സി. രാമൻ:** പ്രകൃതിക്ഷോഭം മൂലം മലബാറിലെ ജനജീവിതം സ്തംഭിച്ചിരിക്കുകയാണ്. വയനാട് ജില്ല ഒറ്റപ്പെട്ടിരിക്കുന്നു. വീടുകൾ

നഷ്ടപ്പെട്ടവരെ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിക്കാൻ നടപടി സ്വീകരിക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഫയർഫോഴ്സു കാർക്ക് വേണ്ടത്ര പരിശീലനമോ ഉപകരണങ്ങളോ ഇല്ല. കൊടിയ ദുരന്തം കാരണം കോഴിക്കോട് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചുവെങ്കിലും ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്ളസ് വൺ, ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള ഇന്റർവ്യൂ നടത്തിയിട്ടുണ്ട്. അഡ്മിഷൻ നഷ്ടപ്പെട്ടവർക്ക് അഡ്മിഷൻ നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭത്തിന്റെ ഫലമായി നിരവധി ആളുകൾക്ക് പി.എസ്.സി. പരീക്ഷ എഴുതാനും സാധിച്ചിട്ടില്ല. വീടുകൾ പൂർണ്ണമായി തകർന്നിട്ടുണ്ട്. വീടുകൾ തകർന്നവർക്കാവശ്യമായ ധനസഹായം നൽകണം. നദീതിരങ്ങളിൽ താമസിക്കുന്നവർക്ക് സംരക്ഷണം കൊടുക്കണം. താറുമാറായ വൈദ്യുതി, ടെലിഫോൺ ബന്ധങ്ങൾ പുന:സ്ഥാപിക്കണം. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കാലവർഷക്കെടുതികളിൽ കോഴിക്കോട് ജില്ലയിൽ 10 പേരും വടകര താലൂക്കിൽ ഒരാളും മരണപ്പെട്ടു. ഏഴ് പേരെ കാണാതായി. വേനൽ മഴ ആരംഭിച്ചശേഷം 34 പേരാണ് മരിച്ചത്. കാലവർഷക്കെടുതിയിൽ കുന്നമംഗലം മണ്ഡലത്തിൽമാത്രം 6 പേർ മരിച്ചു. കോഴിക്കോട് ജില്ലയിൽ 32 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് പ്രാഥമിക കണക്ക്. ദുരിതാശ്വാസ ക്യാമ്പുകളിൽ പനി പടരുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 3 ദിവസംകൂടി അവധി നൽകണം. ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണം. റോഡുകളും കെട്ടിടങ്ങളും തകർന്നത് പുതുക്കിപ്പണിയണം.

കോഴിക്കോട് ജില്ലയെ ദുരിതബാധിത ജില്ലയായി പ്രഖ്യാപിക്കണം. ഒരു മാസത്തെ സൗജന്യ റേഷൻ നൽകണം.

**ശ്രീമതി ഇ. എസ്. ബിജിമോൾ** : പീരുമേട് നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഉരുൾ പൊട്ടലിൽ 32 വീടുകൾ പൂർണ്ണമായി നശിച്ചു. 4 പേർ മരിക്കുകയും 4 പേർ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിലുമാണ്. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ 134 അടിയായി ഉയർന്നിട്ടുണ്ട്. പെരിയാറിന്റെ ഇരുകരകളിലും താമസിക്കുന്നവർക്ക് ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ട്. കട്ടപ്പനയിൽ ഫയർ ഫോഴ്സിന്റേതായ എമർജൻസി സംവിധാനം അനുവദിക്കണം. മൊബൈൽ ടാങ്ക് യൂണിറ്റ് തൊടുപുഴയിൽനിന്ന് അനുവദിക്കണം. അധികമായി പത്ത് ഫയർ ഫോഴ്സ് ജീവനക്കാരെക്കൂടി അനുവദിക്കണം. ഇടുക്കി ഫയർ ഫോഴ്സിൽനിന്ന് ആംബുലൻസ് സംവിധാനമെത്തിക്കണം. ലൈഫ് ജാക്കറ്റ് സഹിതമുള്ള സംവിധാനങ്ങൾ പത്ത് വീതം കട്ടപ്പന ഫയർ സ്റ്റേഷന് അനുവദിക്കേണ്ടതാണ്. താലൂക്കാഫീസിൽനിന്ന് വിതരണംചെയ്ത അഞ്ച് ലക്ഷം രൂപ തീരെ അപര്യാപ്തമാണ്. പ്രകൃതിക്ഷോഭത്തിൽപ്പെട്ട് ഗുരുതരാവസ്ഥയിലുള്ളവർക്കും പരിക്കേറ്റവർക്കുംവേണ്ടി മുഖ്യമന്ത്രി മുൻകൈ എടുത്ത് ഒരു ഫണ്ട് സ്വരൂപിച്ചുകൊണ്ടും ഈ പ്രശ്നങ്ങൾക്ക് മാനുഷിക പരിഗണന നൽകിക്കൊണ്ടും കൂടുതൽ ധനസഹായം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. വീട് നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ഇന്ന് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കണം.

**ശ്രീ. പി. ജയരാജൻ**: കേരളത്തിലുണ്ടായിട്ടുള്ള രൂക്ഷമായ പ്രകൃതിദുരന്തം തിരുവനന്തപുരം, കൊല്ലം ജില്ലകളിലൊഴികെ മറ്റെല്ലാ

ജില്ലകളെയും വ്യാപകമായി ബാധിച്ചിരിക്കുകയാണ്. തിരുവനന്തപുരം, കൊല്ലം ജില്ലകൾ കടലാക്രമണ ഭീഷണി നേരിടുകയാണ്. ചർച്ചയ്ക്ക് തയ്യാറായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബഹുമാനപ്പെട്ട സ്പീക്കറെയും അഭിനന്ദിക്കുകയാണ്. കാലവർഷത്തിന്റെയും പ്രകൃതിക്ഷോഭത്തിന്റെയും ഫലമായി വ്യാപകമായ നാശനഷ്ടങ്ങളാണുണ്ടായിട്ടുള്ളത്. നിരവധി ആളുകൾ മരിക്കുകയും പലരെയും കാണാതാവുകയും ചെയ്തിട്ടുണ്ട്. ഭരണസംവിധാനവും സന്നദ്ധ സംഘടനകളും ജനപ്രതിനിധികളുമായി സഹകരിച്ച് ഓരോ മേഖലയിലും സന്ദർശനം നടത്തിക്കൊണ്ടിരിക്കുകയാണ്. വ്യാപകമായ കൃഷിനാശമാണ് ഉണ്ടായിട്ടുള്ളത്. കണ്ണൂർ ജില്ലയിൽ 285 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ 1140 പേർ കഴിയുകയാണ്. എല്ലാ ജില്ലകളിലും ഇത്തരം ക്യാമ്പുകൾ പ്രവർത്തിക്കുന്നു. പേരാവൂർ മണ്ഡലത്തിൽ പാറക്കാമലയിൽ രണ്ട് പ്രാവശ്യം ഉരുൾപൊട്ടി. 36 ഏക്കർ കൃഷി പൂർണ്ണമായി നശിക്കുകയും 4 കി.മീ. റോഡ് തകരുകയും ചെയ്തു. അയ്യൻകുന്ന് പഞ്ചായത്തിൽ മാത്രം 10 ലക്ഷം രൂപയുടെ കൃഷിനാശമുണ്ടായി. ആറളത്ത് 12 വീടുകൾ പൂർണ്ണമായി തകർന്നു. കച്ചേരിക്കടവിൽ ഒരു വീട് പിളർന്ന് ഭൂമിയിലേയ്ക്ക് താഴ്ന്നുകൊണ്ടിരിക്കുന്നു. പള്ളിയിലും ക്ളബ്ബുകളിലും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നു. കീഴൂർ-ചാവിശ്ശേരി പഞ്ചായത്തിലും കൃഷിനാശമുണ്ടാവുകയും വീടുകൾ തകരുകയും ചെയ്തു. തലശ്ശേരി-കുടക് റോഡിന്റെ ഭാഗമായ ഇരിട്ടിയിൽ റോഡ് പൂർണ്ണമായും തകർന്നു. പഴശ്ശി ഡാമിനടുത്ത് 70 വീടുകൾ പൂർണ്ണമായും വെള്ളത്തിനടിയിലാണ്. കൂത്തുപറമ്പ് മണ്ഡലത്തിൽ കണിച്ചാർ പഞ്ചായത്തിൽ ഉരുൾപൊട്ടൽ ഭീഷണിയുണ്ട്. മാലൂർ, ചിറ്റാരിപ്പറമ്പ

പഞ്ചായത്തുകളിലെ പ്രധാനപ്പെട്ട ഭാഗങ്ങൾ വെള്ളത്തിനടിയിലാണ്. ഗവൺമെന്റ് ഫലപ്രദമായി ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ 4 സ്ഥലത്താണ് ഉരുൾപൊട്ടിയത്. ആലത്തൂർ താലൂക്കിൽ 3 സ്ഥലത്ത് ഉരുൾപൊട്ടി. 25 വീടുകൾ പൂർണ്ണമായും 100 വീടുകൾ ഭാഗികമായും തകർന്നു. പാലക്കാട് ജില്ലയിൽ 10 ദുരിതാശ്വാസ ക്യാമ്പുകളിലായി 1500 പേർ കഴിയുകയാണ്. വെള്ളത്തിൽ ഒറ്റപ്പെട്ടുപോയ വടക്കഞ്ചേരി-മംഗലം അന്തേവാസി സെന്ററിലെ അന്തേവാസികളെ ബോട്ടുപയോഗിച്ച് രക്ഷപ്പെടുത്തി. തളിപ്പറമ്പ് മണ്ഡലത്തിൽപ്പെട്ട പാമ്പുരുത്തി ദ്വീപിൽ ആളുകളെ രക്ഷിക്കാനുള്ള ശ്രമത്തിനിടയിൽ തഹസീൽദാർക്ക് രാത്രി മുഴുവൻ അവിടെ തങ്ങേണ്ടിവന്നു. പാലക്കാട് ജില്ലയിൽ ഭാരതപ്പുഴ, ഭവാനി, കുന്തി, മംഗലം, നെല്ലിപ്പുഴ എന്നിവ കരകവിഞ്ഞൊഴുകിയതിന്റെ ഫലമായി വ്യാപകമായ കൃഷിനാശമുണ്ടായി. അവിടത്തെ ജനങ്ങൾ ഭീതിയിലാണ്. കോട്ടയം ജില്ലയിൽ 24 ക്യാമ്പുകളുണ്ട്. ഒഴുക്കിൽപ്പെട്ട് ഒരാൾ മരിക്കുകയും ഉരുൾപൊട്ടലിൽ കൃഷിനാശമുണ്ടാവുകയും ചെയ്തു. മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ദുരന്തം നേരിട്ടവരെ സഹായിക്കാനാവശ്യമായ ശ്രമങ്ങളാണ് വേണ്ടത്. റവന്യൂ-വനം-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിമാർ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ആശ്വാസ നടപടികൾക്ക് നേതൃത്വം നൽകുകയാണ്. സംസ്ഥാന തലത്തിൽ രൂപീകൃതമായ ദുരന്ത നിവാരണ അതോറിറ്റിക്ക് കുറച്ച് കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. പാമ്പുരുത്തി ദ്വീപിലെ ആളുകളെ രക്ഷിക്കാനായി പ്രത്യേക ദൗത്യ സംഘം രൂപീകരിച്ചു. രക്ഷാപ്രവർത്തകർക്ക് പരിശീലനം നൽകുകയാണ്. ഭരണ സംവിധാനം

ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന് മാത്രമായി ദുരന്ത നിവാരണ പ്രശ്നങ്ങളുടെ ചുമതലയും ബാദ്ധ്യതയും ഏറ്റെടുക്കാൻ കഴിയില്ല. കേരളത്തിലെ പ്രകൃതിക്ഷോഭത്തിന്റെ തീവ്രത കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തണം. ഭരണസംവിധാനം ഫലപ്രദമായി ഉപയോഗിക്കണം. മരിച്ചവരുടെ ആശ്രിതർക്കും വീട് പൂർണ്ണമായും ഭാഗികമായും തകർന്നവർക്കും കൃഷിനാശം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചു കിട്ടുന്നതിന് കേന്ദ്രത്തിൽ ഒറ്റക്കെട്ടായി സമ്മർദ്ദം ചെലുത്തണം.

**ശ്രീ. സി. പി. മുഹമ്മദ്** : പ്രകൃതിദുരന്തമുണ്ടാകുമ്പോൾ പരിഹാരം ഉണ്ടാക്കേണ്ട ക്രൈസിസ് മാനേജ്മെന്റ് തികഞ്ഞ പരാജയമാണ്. തട്ടേയ്ക്കാട് ബോട്ടപകടത്തിലും കോഴിക്കോട് മിഠായിത്തെരുവിലെ തീപിടിത്തത്തിലും പനി നിയന്ത്രിക്കുന്നതിലുമെല്ലാം സംഭവിച്ച ദുരന്തം കാലവർഷക്കെടുതിയിലും ഉണ്ടായിരിക്കുകയാണ്. ആലത്തൂരിൽ 53 വീടുകൾ തകർന്നതായി ഊർജ്ജ വകുപ്പുമന്ത്രി പാലക്കാട് വിളിച്ചുചേർത്ത യോഗത്തിൽ അറിയിച്ചു. യുദ്ധകാലാടിസ്ഥാനത്തിൽ ക്രൈസിസ് മാനേജ്മെന്റ് പ്രവർത്തിക്കണം. വില്ലേജ്-താലൂക്ക് ഓഫീസുകൾ രാപകലില്ലാതെ പ്രവർത്തിക്കണം. കൺട്രോൾ റൂംവഴി അപ്പപ്പോഴുള്ള വിവരങ്ങൾ എത്തിക്കാനും വെള്ളത്തിൽ ഒലിച്ചുപോകുന്നവരെ രക്ഷിക്കാനും സാധിക്കണം. സ്കൂൾ വളപ്പുകളിലും മറ്റ് പ്രദേശങ്ങളിലും കഴിയുന്ന പാവപ്പെട്ടവർക്ക് ഭക്ഷണവും പുതപ്പും കൊടുക്കണം. കർഷകർക്ക് നഷ്ടപരിഹാരത്തുക അടിയന്തിരമായി കൊടുക്കണം. മരിച്ചവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും പൂർണ്ണമായും വീട് തകർന്നവർക്ക് അമ്പതിനായിരം രൂപയും ഭാഗികമായി വീട് തകർന്നവർക്ക് ഇരുപത്തയ്യായിരും രൂപയും നൽകണം. പട്ടാമ്പി നിയോജകമണ്ഡലത്തിൽ

ഭാരതപ്പുഴയുടെ പോഷകനദികളിൽ ഏഴ് അണക്കെട്ടുകളാണുള്ളത്. മുന്നറിയിപ്പ് കൂടാതെ വെള്ളം തുറന്നുവിടുന്നതുമൂലം രണ്ട് പഞ്ചായത്തുകളിൽ വെള്ളം കയറുന്നു. പട്ടാമ്പി നിയോജകമണ്ഡലത്തിലെ തകർന്ന റോഡുകളുടേയും പാലങ്ങളുടേയും പണി അടിയന്തിരമായി ചെയ്യണം.

**<u>മി. സ്പീക്കർ</u>**: തൃശൂർ ജില്ലയിലും വ്യാപകമായ ദുരന്തങ്ങളും കടലാക്രമണവും ഉണ്ടായിട്ടുണ്ട്. ഡാമുകൾ തുറന്നുവിടുകയും ഭാരതപ്പുഴ കരകവിഞ്ഞൊഴുകുകയുമാണ്. അതിവിടെ ആരും ചർച്ച ചെയ്തില്ല. അതുകൂടി ശ്രദ്ധിക്കണം.

**റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ.. സി. ദിവാകരൻ)</u>**: കേരളത്തിലെ ജനങ്ങളെ എങ്ങനെ ഈ ആപൽഘട്ടത്തിൽനിന്നും മുന്നോട്ട് കൊണ്ടുപോകാനും പുനരധിവസിപ്പിക്കാനും കഴിയുമെന്ന് ആലോചിക്കേണ്ടതാണ്. കാലവർഷക്കെടുതിയിൽ ഇതുവരെ മരണപ്പെട്ടവർ 142 ആണ്. പ്രഖ്യാപനങ്ങളല്ല പ്രവർത്തനമാണിവിടെ ആവശ്യം. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ പിന്തുണ ഉണ്ടായിട്ടുണ്ട്. പ്രതിപക്ഷ പാർട്ടികളെ വിളിച്ച് ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുകയും അവരുടെ നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഗവൺമെന്റ് മെഷിനറി ഇടപെട്ടുകൊണ്ട് ഇക്കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ പൊതുമരാമത്ത്, വൈദ്യുതി, ജലസേചനം, ആരോഗ്യ വകുപ്പുകളെയും അതിലെ ജീവനക്കാരെയും എം.എൽ.എമാരേയും ഉൾപ്പെടുത്തിക്കൊണ്ട് കൺസോർഷ്യം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. ഇപ്പോൾ 14 ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന

കൺട്രോൾ റൂമുകളുണ്ട്. ആലപ്പുഴയിലേയും നാട്ടികയിലേയും ദുരിതബാധിത കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകിയിട്ടുണ്ട്. 1009511 കുടുംബങ്ങൾക്ക് വിവിധ ജില്ലകളിലായി ഇതിനോടകം സൗജന്യ റേഷൻ കൊടുത്തിട്ടുണ്ട്. എലിജിബിലിറ്റി തീരുമാനിക്കുന്നത് വില്ലേജ് ഓഫീസറും പഞ്ചായത്തിലെ പ്രതിനിധിയും ഉദ്യോഗസ്ഥരും അടങ്ങുന്ന മൂന്നംഗ സമിതിയാണ്. സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാനായി ഈ മൂന്നുപേരിൽ ഒരാളെങ്കിലും എഗ്രി ചെയ്തിട്ടുണ്ടെങ്കിൽ അത് വിതരണം ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേന്ദ്ര നോംസ് അനുസരിച്ച് മാത്രമേ നഷ്ടപരിഹാരം വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. കൃഷി നാശം സംഭവിച്ചത് തിട്ടപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥരുടെ കുറവുണ്ടെന്ന പരാതി കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. രണ്ടാഴ്ച മുമ്പ് കേന്ദ്ര മാതൃകയിൽ Disaster Management Authority രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനായി സംസ്ഥാനത്തിന്റെ വകയായി ഹെലികോപ്റ്റർ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 90 കോടി രൂപയിൽ 71 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്. ബാക്കിയുള്ളത് ഉടനെ ചെലവഴിക്കുന്നതാണ്. പ്രകൃതിദുരന്തത്തിൽ മൊത്തം 1400 കോടി രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. രാഷ്ട്രീയ വ്യത്യാസം നോക്കാതെ പരമാവധി നഷ്ടപരിഹാരത്തുക കൊടുക്കുന്നതാണ്. 3-07-2007-ൽ 20 കോടി രൂപ 14 കളക്ടറേറ്റുകൾക്കായി അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ സർക്കാരിന്റെ കൈവശമുള്ള തുക വരുന്ന രണ്ട് ദിവസത്തിനകം കളക്ടറേറ്റുകളിൽ നിന്നുള്ള ഡിമാന്റ് അനുസരിച്ച് കൊടുക്കാൻ സർക്കാർ സന്നദ്ധമാണ്. ക്യാമ്പുകളിൽ

ആവശ്യമായ ഭക്ഷണം, മരുന്ന്, പുതപ്പ്, കിടക്ക, വോളന്റിയർമാരുടെ സേവനം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. സന്നദ്ധ സംഘടനകളും ഈ രംഗത്ത് പ്രവർത്തനം നടത്തുന്നുണ്ട്. ക്യാമ്പുകളിൽ മെഡിക്കൽ സർവീസ് ഏർപ്പാട് ചെയ്യുന്നതാണ്. ഒരു ദിവസംകൊണ്ട് സംസ്ഥാനത്ത് 133 ക്യാമ്പുകൾ ആരംഭി ച്ചിട്ടുണ്ട്. ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. ഇതുപോലുള്ള സന്ദർഭങ്ങളിൽ ആദിവാസി കേന്ദ്രങ്ങളിൽ മൊബൈൽ മെഡിക്കൽ വാനും സപ്ളൈകോ സാധനങ്ങൾ എത്തിക്കുന്നതിന് മൊബൈൽ സ്ക്വാഡിനെയും ഏർപ്പാടാക്കി യിട്ടുണ്ട്. പ്രകൃതി ദുരന്തമുണ്ടായി 48 മണിക്കൂർ കഴിയുന്നതിനുമുമ്പ് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. മുണ്ടക്കയത്ത് 2000-ലേറെ കിറ്റുകളും പത്തനംതിട്ടയിൽ 1000-ലേറെ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉദാരമായ സമീപനമാണ് പ്രകൃതിദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചവരുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>):** പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചവരുടെ കാര്യത്തിൽ Fire and Rescue Service പരിമിതമായ സൗകര്യത്തിനുള്ളിൽ നിന്നുകൊണ്ട് വളരെ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ള ത്. ദുരന്തത്തിൽപ്പെട്ട നിരവധി പേരുടെ ജീവൻ രക്ഷപ്പെടുത്താൻ ഈ വകു പ്പിന്റെ ഇടപെടൽമൂലം കഴിഞ്ഞിട്ടുണ്ട്. ഇതിനായി Fire and Rescue Service-ന്റെ Headquarters-ൽ കമാൻഡന്റ് ജനറലിന്റെ നേതൃത്വത്തിൽ ഒരു കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്ക് അടിയ ന്തിര പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തിക്കാനാവശ്യമായ നിർദ്ദേശം

നൽകുന്നതാണ്. അംഗങ്ങൾ Fire and Rescue Service-ന്റെ പ്രവർത്തന ത്തിൽ പ്രകടിപ്പിച്ച താൽപ്പര്യം പരിഗണിച്ച് എന്തെങ്കിലും പ്രത്യേക നിർദ്ദേശ ങ്ങളുണ്ടെങ്കിൽ അറിയിച്ചാൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതാണ്.

**മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):** അടിയന്തിര പ്രമേയത്തെ ആസ്പദമാക്കി നടന്ന ചർച്ചയുടെ രൂക്ഷതയും ആക്ഷേപങ്ങളും സർക്കാർ കാര്യമായ വിമർശനങ്ങളായോ എതിർപ്പായോ കരുതുന്നില്ല. ഇതുപോലുള്ള അവസരങ്ങളിൽ വികസനത്തിനും മറ്റ് കാര്യ ങ്ങൾക്കുമായി മാറ്റി വച്ചിരിക്കുന്ന തുകയാണ് ഇത്തരം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്. ഇത് കേന്ദ്ര സർക്കാർ തരുന്ന തുകയുടെ നാലിരട്ടി വരും. ഇതിനെക്കുറിച്ച് അംഗങ്ങൾക്ക് കൂടുതലായി എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ സർക്കാരിനെ അറിയിച്ചാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഒലിച്ചുപോയ ഭൂമിക്കുപകരം ഭൂമി കൊടുക്കാൻ സർക്കാർ സ്ഥലം കണ്ടുവച്ചിട്ടുണ്ട്. അവർക്ക് വീടു വച്ച് കൊടുക്കുന്നതിനെ സംബന്ധിച്ചും സർക്കാർ ചിന്തിക്കുന്നുണ്ട്. കേന്ദ്ര സഹാ യത്തിന് പുറമേ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള മനുഷ്യ സ്നേഹിക ളായ ആളുകളുടെ സഹായവും തേടി പ്രകൃതി ദുരന്തത്തിൽ നഷ്ടം സംഭവിച്ചവരെ സഹായിക്കാനും പുനരുദ്ധരിക്കാനും കഴിയുമെന്ന ആത്മവിശ്വാസമാണ് ഗവൺമെന്റിനുള്ളത്. ആ നിലയിൽ എല്ലാവരും സഹക രിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളിൽ ഏർപ്പെടേണ്ടതാണ്. തുടർന്ന് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"കഴിഞ്ഞ ഏതാനും ദിവസങ്ങളായി സംസ്ഥാനത്തുടനീളം തുടരുന്ന പേമാരിയിലും ചുഴലിക്കാറ്റിലും ഉരുൾപൊട്ടലിലും കടൽക്ഷോഭത്തിലും

വൻ നാശനഷ്ടങ്ങളാണുണ്ടായിട്ടുള്ളത്. ജൂൺ അവസാനം സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിയെത്തുടർന്ന് രൂക്ഷമായി അനുഭവപ്പെട്ട ദുരിതങ്ങൾക്ക് ഒരു ശമനം കണ്ടുതുടങ്ങിയ സന്ദർഭത്തിലാണ് അപ്രതീക്ഷിതമായി വീണ്ടും ദുരന്തം ഉണ്ടായിരിക്കുന്നത്.

ഇന്നലെയും ഇന്നുമായി ഔദ്യോഗിക കണക്കനുസരിച്ച് ഇരുപത്തിയൊന്ന് പേർ മരിച്ചു. ജൂൺ മാസത്തിലുണ്ടായ പേമാരിയും ദുരന്തവും മൂലം മരണമടഞ്ഞവർ ഉൾപ്പെടെ ഇതേവരെ 141-ഓളം പേരാണ് മരണമടഞ്ഞത്. സംസ്ഥാനത്തെല്ലാമായി 250-ഓളം ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിക്കുന്നുണ്ട്. ഇന്നലെ മാത്രം 133 പുതിയ ക്യാമ്പുകൾ തുറന്നിട്ടുണ്ട്. ഏകദേശ കണക്കനുസരിച്ച് 20,000-ഓളം പേരെ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്. 1,500-ഓളം വീടുകൾ പൂർണ്ണമായും 28,000 വീടുകൾ ഭാഗികമായും തകർന്നതായാണ് കണക്കാക്കുന്നത്. ആയിരക്കണക്കിനേക്കർ കൃഷി ഭൂമിയിലെ വിളകൾക്ക് നാശനഷ്ടം സംഭവിക്കുകയും കോടിക്കണക്കിന് രൂപയുടെ മറ്റു നാശനഷ്ടങ്ങളുണ്ടാവുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി ലൈനുകൾ, ശുദ്ധജല വിതരണം, വാർത്താവിനിമയ ബന്ധങ്ങൾ ഉൾപ്പെടെ താറുമാറാകുകയും റോഡുകൾ തകർന്നതുമൂലവും വെള്ളം കയറിയതുമൂലവും ഗതാഗത തടസ്സം വലിയ. തോതിൽ നേരിടുകയും ചെയ്തിട്ടുണ്ട്. ആയിരക്കണക്കിന് കുടുംബങ്ങൾ വെള്ളപ്പൊക്ക കെടുതിയിലാണ്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിനായി ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള റാപ്പിഡ് ആക്ഷൻ

ഫോഴ്സിന്റെയും നേവിയുടെയും ദേശീയ ദുരന്ത നിവാരണ പ്രതികരണ സേനയുടെയും സഹായം ലഭിക്കുന്നുണ്ട്.

കാലവർഷക്കെടുതിയും മറ്റു ദുരന്തങ്ങളും അനുഭവിക്കുന്ന കേരളത്തിലെ ജനങ്ങളെ സഹായിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും അർഹമായ സഹായം ലഭിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു. ഈ വർഷം ജൂണിലുണ്ടായ വൻദുരന്തത്തെത്തുടർന്ന് ഈ സഭ 28-6-2007-ന് ഏകകണ്ഠമായി ഒരു പ്രമേയം അംഗീകരിച്ചിരുന്നു. തുടർന്ന് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷി നേതാക്കളും എം. പി. മാരുമടങ്ങുന്ന സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ നേരിൽ കണ്ട് നിവേദനം നൽകുകയും കേരളത്തിന് അർഹമായ ദുരിതാശ്വാസം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഇതേവരെ കാര്യമായ യാതൊരു സഹായവും ലഭ്യമായിട്ടില്ല. ഈ സമീപനം തിരുത്തുകയും പകർച്ചപ്പനിയും മറ്റുമായി ദുരിതം അനുഭവിക്കുന്ന സംസ്ഥാനത്തെ ജനങ്ങൾക്ക് കാലവർഷക്കെടുതിമൂലം ഉണ്ടായിരിക്കുന്ന കൊടിയ ദുരന്തംകൂടി കണക്കിലെടുത്ത് അർഹമായ കേന്ദ്ര സഹായം അടിയന്തിരമായി നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. അടിയന്തിര ചെലവുകൾക്കായി 250 കോടി രൂപയെങ്കിലും സംസ്ഥാനത്തിന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉടനടി അനുവദിക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.''

**പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി)**: പ്രമേയത്തോട് പൂർണ്ണമായും യോജിക്കുന്നു. അനുവദിച്ച തുക മുഴുവനും ചെലവാക്കിയശേഷം കൂടുതൽ തുകയ്ക്ക് കേന്ദ്രത്തെ സമീപിക്കുന്ന രീതിയായിരിക്കണം സ്വീകരിക്കേണ്ടത്.

ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ പക്കലുള്ള തുക ജില്ലാ കളക്ടർമാർക്ക് വീതിച്ചു കൊടുക്കണം. തീരപ്രദേശത്ത് കടലെടുത്തും കിഴക്കൻ പ്രദേശങ്ങളിൽ ഉരുൾപൊട്ടൽമൂലവും ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിന് സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കണം.

**മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ)**: നിർദ്ദേശം അംഗീകരിക്കുന്നു. അതാത് മണ്ഡലങ്ങളിലെ വിവരങ്ങൾ ശേഖരിച്ച് തരുമ്പോൾ ഭൂമി വിതരണം ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാണ്.

പ്രമേയം ഐകകണ്ഠ്യേന സഭ പാസ്സാക്കി.

**മി. സ്പീക്കർ**: സംസ്ഥാനത്ത് ഉണ്ടായ അത്യപൂർവ്വമായ കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനും പുനരധിവസിപ്പിക്കാനും ഒറ്റക്കെട്ടായി രംഗത്തിറങ്ങേണ്ടതുണ്ട്. ഇന്ന് നടന്ന ചർച്ചയും തീരുമാനങ്ങളും അതിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ധനകാര്യം (തുടർച്ച)

**ശ്രീ. പി.സി. വിഷ്ണുനാഥ്**: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്താകമാനം വ്യാപിച്ച പകർച്ചപ്പനിയിൽ ജനങ്ങളാകെ ഭീതിയിലാണ്. പല കുടുംബങ്ങളിലേയും മുഴുവൻ അംഗങ്ങൾക്കും പനി ബാധിച്ചതിനാൽ വരുമാന മാർഗ്ഗമില്ലാതെ പട്ടിണിയിലാണ്. പനിമൂലമുള്ള മരണം തുടർന്നുകൊണ്ടിരിക്കുകയാണ്. പകർച്ചപ്പനി നേരിടുന്നതിൽ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. ഈ ഗവണ്മെന്റ് ചിക്കുൻഗുനിയ തടയുന്നതിന് ശാസ്ത്രീയമായ പഠനം നടത്തുകയോ ഫലപ്രദമായ നടപടി

സ്വീകരിക്കുകയോ ചെയ്തില്ല. ലോകാരോഗ്യ സംഘടന നിരോധിച്ച മരുന്നുകളാണ് സർക്കാർ ആശുപത്രികളിൽ നൽകുന്നതെന്നുമാത്രമല്ല ആശുപത്രികളിൽനിന്നും തുടർ ചികിൽസ ലഭിക്കുന്നുമില്ല. ശാസ്ത്രീയ പഠനം നടത്തി പനിയുടെ വൈറസ് ഏതാണെന്ന് കണ്ടെത്തി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തണം. എൻ.ആർ.എച്ച്.എം. നടത്തിയ നാഷണൽ റിവ്യൂവിൽ ധനസഹായം വിനിയോഗിക്കുന്ന കാര്യത്തിൽ ഏറ്റവും പുറകിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ എൻ.ആർ.എച്ച്.എം. സ്കീം വഴി നൽകിയ തുക യഥാവിധി ചെലവാക്കിയിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിരുന്നുവെങ്കിൽ പനിമൂലം മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം ലഭിക്കുമായിരുന്നു. ഈ പദ്ധതിക്ക് ബദൽ പദ്ധതി ഗവൺമെന്റ് കൊണ്ടുവന്നിട്ടില്ല.

**ശ്രീ. എം.കെ. പുരുഷോത്തമൻ**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഫിഷറീസ്-ആരോഗ്യ മേഖലകളിൽ വൻനേട്ടങ്ങൾ കൈവരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്നത് ശ്ലാഘനീയമാണ്. മൽസ്യത്തൊഴിലാളികൾക്ക് ക്ഷേകരമായ ഒരു പദ്ധതിയും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കോടിക്കണക്കിന് രൂപയുടെ വിദേശ നാണ്യംനേടിത്തരുന്ന ഈ മേഖലയ്ക്ക് കേന്ദ്രത്തിൽ ഫിഷറീസ് മന്ത്രാലയമോ ഒരു മന്ത്രിയോ ഇല്ല. മൽസ്യ സമ്പത്തിന്റെ ശോഷണമാണ് ഈ മേഖലയുടെ തകർച്ചയ്ക്ക് മുഖ്യ കാരണം. മൽസ്യത്തൊഴിലാളി കുടുംബങ്ങൾ പലതും പട്ടിണിയിലാണ്. 1991-ലെ നരസിംഹറാവു ഗവൺമെന്റ് കൊണ്ടുവന്ന സാമ്പത്തിക പരിഷ്ക്കരണത്തിന്റെ ഭാഗമായി

നമ്മുടെ സമുദ്രാതിർത്തിക്കുള്ളിൽ വരുന്ന ആഴക്കടലിൽനിന്ന് മീൻപിടിക്കുന്നതിന് വിദേശ കപ്പലുകൾക്ക് ലൈസൻസ് നൽകിയതിന്റെ ഫലമായി മൽസ്യ സമ്പത്ത് മുഴുവൻ ബഹുരാഷ്ട്ര കുത്തകകൾ കവർന്നെടുക്കുകയാണ്. മൽസ്യമേഖലയെ തകർക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയം തിരുത്താതെ ഈ മേഖലയെ രക്ഷപ്പെടുത്താനാവില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സുനാമി ദുരിതാശ്വാസത്തിന്റെ ഭാഗമായി ഞാറയ്ക്കൽ മണ്ഡലത്തിൽ ഒരു വീടുപോലും അനുവദിച്ചില്ല. എന്നാൽ ഈ ഗവൺമെന്റ് വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് സുനാമി ദുരിതാശ്വാസ ഫണ്ട് ചെലവഴിക്കുന്നത്.

<u>**ശ്രീ. വി.എസ്. സുനിൽകുമാർ**</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് ആരോഗ്യ രംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്വകാര്യ ആശുപത്രികൾക്ക് കൂടുതൽ സൗകര്യമുണ്ടാക്കി ക്കൊടുത്തുകൊണ്ട് സർക്കാർ ആശുപത്രികളെ അവഗണിക്കപ്പെടുന്ന സമീപനമാണുണ്ടായത്. എന്നാൽ സ്വകാര്യ മേഖലയുമായി മൽസരിച്ച് സർക്കാർ ആശുപത്രികളുടെ നിലവാരം വർദ്ധിപ്പിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ പുതിയ 100 സീറ്റുകൾ അനുവദിച്ചു. രണ്ട് നഴ്സിംഗ് കോഴ്സുകൾ ആരംഭിച്ചു. സർക്കാർ മേഖലയിൽ ഈ ഗവൺമെന്റ് ധാരാളം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പകർച്ച പ്പനി രാജ്യവ്യാപകമായി ലക്ഷക്കണക്കിന് ആളുകൾ മരിക്കുന്നു എന്നും ഈ രോഗത്തിന്റെ തിരിച്ചുവരവിനെക്കുറിച്ച് ലോകത്തിലെ ഗവണ്മെന്റുകൾ ആലോചിക്കണമെന്നുമുള്ള ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട് കണക്കിലെടുത്ത് കേരളത്തിലെ ആവാസവ്യവസ്ഥകളിൽ വന്ന മാറ്റങ്ങൾ

സംബന്ധിച്ചും ആരോഗ്യരംഗത്തുണ്ടായിരിക്കുന്ന തകർച്ചയിൽ നിന്ന് അതിജീവിക്കുന്നതിനെക്കുറിച്ചും സംസ്ഥാന ഗവണ്മെന്റും ബന്ധപ്പെട്ട അധികാരികളും ഗൗരവമായ ചർച്ച നടത്താൻ തയ്യാറാകണം. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതു തടയാനും അതിനെതിരെ നടപടിയെടുക്കാനും കഴിയുന്ന തരത്തിലുള്ള ഒരു നിയമം കൊണ്ടുവരാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. സർക്കാർ സർവ്വീസിലുള്ള ഡോക്ടർമാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

<u>**ശ്രീ. പി. വിശ്വൻ:**</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആശ്വാസകരമായ നടപടികളാണ് ഫിഷറീസ് വകുപ്പുമന്ത്രി കഴിഞ്ഞ ഒരു വർഷമായി സ്വീകരിച്ചിട്ടുള്ളത്. ഈ മേഖലയെ ശാസ്ത്രീയമായി സംരക്ഷിക്കാനും മൽസ്യ സമ്പത്ത് വർദ്ധിപ്പിക്കാനും ഗവണ്മെന്റ് കാണിക്കുന്ന പ്രതിബബദ്ധതയെ അഭിനന്ദനാർഹമാണ്. ട്രോളിംഗ് നിരോധന സമയത്ത് മൽസ്യത്തൊഴിലാളികൾക്ക് സമുദ്രോപരിതല മൽസ്യബന്ധനം നടത്താൻ കഴിയത്തക്ക രീതിയിൽ ഈ ഗവണ്മെന്റ് നിയമം പാസ്സാക്കുകയുണ്ടായി. മൽസ്യത്തൊഴിലാളി ക്ഷേമനിധി സെസ്സ് ശാസ്ത്രീയമായി പിരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. കഴിഞ്ഞ ഗവണ്മെന്റ് സുനാമി ഫണ്ട് വകമാറ്റി ചെലവഴിക്കുകയുണ്ടായി. കേരളത്തിന്റെ മൽസ്യസമ്പത്ത് സംരക്ഷിക്കാൻ ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ സ്വാഗതാർഹമാണ്. കഴിഞ്ഞ . ഗവണ്മെന്റ് തകർത്ത് തരിപ്പണമാക്കിയ ആരോഗ്യമേഖലയെ ജനകീയ ആരോഗ്യ മേഖലയായി ശക്തിപ്പെടുത്താൻ ഈ ഗവണ്മെന്റ് നേതൃത്വപരമായ പങ്കാണ് വഹിക്കുന്നത്. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ സ്ഥലംമാറ്റത്തിനും മരുന്ന് വാങ്ങുന്ന കാര്യത്തിലും നിയമനത്തിന്റെ കാര്യത്തിലും കുറ്റമറ്റ രീതിയിലുള്ള നടപടിയാണ്

ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മാലിന്യവിമുക്തമാക്കാൻ ഈ ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ അഭിനന്ദനമർഹിക്കുന്നു.

**<u>ശ്രീ. കെ. ശിവദാസൻ നായർ</u>**: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തെ നടുക്കിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധി നിയന്ത്രണവിധേയമാക്കാൻ ഈ ഗവണ്മെന്റ് സ്വീകരിക്കുന്ന നടപടി ഫലപ്രദമാകുന്നില്ല. ചിക്കുൻഗുനിയയ്ക്ക് കാരണമായ വൈറസ് പരത്തുന്ന കൊതുകുകൾ കേരളത്തിൽ കൂടുതലായി കാണുന്നുണ്ടെന്നും അതിനുള്ള പ്രതിരോധനടപടികൾ സ്വീകരിക്കണമെന്നുമുള്ള പഠന റിപ്പോർട്ടുകളും മുന്നറിയിപ്പുകളും പൂർണ്ണമായി അവഗണിച്ചതിന്റെ തിക്തഫലമാണ് കേരളത്തിലെ ജനങ്ങൾ ഇന്ന് അനുഭവിക്കുന്നത്. രോഗബാധിതർക്ക് ഫലപ്രദമായ ചികിൽസ നൽകാനോ അവരുടെ ശരിയായ കണക്ക് ശേഖരിക്കാനോ സാധിച്ചിട്ടില്ല. കോഴഞ്ചേരി ഗവണ്മെന്റ് ആശുപത്രിയിൽ ഒഴിവുള്ള ഡോക്ടർമാർ, നഴ്സിംഗ് സൂപ്രണ്ട്, ഹെഡ് നഴ്സ് എന്നീ തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കണം. എൻ.ആർ.എച്ച്.എം. -ന്റെ പേരിൽ നടത്തിയ പ്രവർത്തനങ്ങളേയും അതിനുവേണ്ടി ചെലവാക്കിയ തുകയെ സംബന്ധിച്ച് അന്വേഷണം നടത്തണം. ആവശ്യത്തിന് മരുന്നില്ലാത്തതിനാൽ കോഴഞ്ചേരി ഡസ്ട്രിക്ട് ഹോസ്പിറ്റലിൽ എച്ച്.ഡി.സി. മുഖേന മൂന്നേകാൽ ലക്ഷം രൂപയുടെ മരുന്ന് പുറത്ത് നിന്ന് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. അവസരത്തിനൊത്ത് ഉണർന്നുപ്രവർത്തിക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. പകർച്ചവ്യാധിമൂലം മരിച്ചവരുടെ യഥാർത്ഥ കണക്ക് എടുക്കാനോ മരണകാരണം കണ്ടുപിടിക്കാനോ യാതൊരു സംവിധാനവും ഉണ്ടാക്കിയിട്ടില്ല. രോഗലക്ഷണങ്ങൾ വ്യത്യസ്തമായി കാണുന്നതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ഭയാശങ്കകൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

ഗവണ്മെന്റ് നഷ്ടപരിഹാരത്തുക പ്രഖ്യാപിച്ചുകൊണ്ട് ഇറക്കിയ ഉത്തരവ് കളക്ടറേറ്റുകളിൽ എത്തിക്കാൻ നടപടി സ്വീകരിക്കണം. രോഗബാധിതരായ എല്ലാവർക്കും സൗജന്യറേഷൻ അനുവദിക്കണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

**ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി** **(ശ്രീ. എസ്. ശർമ്മ):** 2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനയുടെ ചർച്ചയിൽ ഫിഷറീസ് വകുപ്പിനെ സംബന്ധിച്ച് ചില വിമർശനങ്ങൾ വന്നു. 170 മൊബൈൽ ഫോണുകൾ സംഘടിപ്പിച്ച് മത്സ്യഫെഡ് അനാവശ്യമായി പണം ദുർവിനിയോഗം ചെയ്യുന്നു എന്ന വിമർശനത്തെ സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി. കേരളത്തിലെ 9 തീരദേശ ജില്ലകളിലെ ബന്ധപ്പെട്ട ഔഫീസർമാർക്കായി ഒരു പ്രത്യേക പാക്കേജായി വാങ്ങിയ മൊബൈൽ ഫോണുകൾക്ക് ആകെ 14,302 രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളതെന്നും ഒരു ഫോണിന് ഒരു മാസം 224 രൂപമാത്രമേ ചെലവുവരുന്നുള്ളൂ എന്നുമാണ് അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതിൽ അനാവശ്യമായ ചെലവുകൾ വരുന്നുണ്ടെങ്കിൽ അത് പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്. രണ്ടാമത്തെ വിമർശനം മത്സ്യഫെഡിൽ കുറച്ച് ട്രെയിനികളെ നിയമിച്ചതു സംബന്ധിച്ചാണ്. അവിടെയുള്ള സ്ഥിരം നിയമനവുമായി ഇതിന് യാതൊരു ബന്ധവുമില്ല. നിയമനങ്ങൾ പി.എസ്.സി.വഴി നടത്തുക എന്നതാണ് ഗവൺമെന്റിന്റെ നയം. എന്നാൽ മത്സ്യഫെഡിന്റെ നിയമമനുസരിച്ച് 40% നിയമനം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റിസർവ് ചെയ്തിട്ടുള്ളത് പി.എസ്.സി.യുടെ ചട്ടത്തിൽ വരുന്നതല്ല. പി.എസ്.സി.യുടെ നിലവിലുള്ള റൂൾസ് അമെന്റുചെയ്താൽ മാത്രമേ മത്സ്യഫെഡിൽ പി.എസ്.സി.വഴി നിയമനം നടത്താൻ സാധിക്കുകയുള്ളൂ. താമസി

യാതെ റൂൾ അമെന്റുചെയ്ത് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഗവ ൺമെന്റ് മുൻകൈ എടുക്കുന്നതാണ്. മത്സ്യഫെഡിലെ നിയമനത്തിൽ റിസർവേഷൻ പാലിച്ചിട്ടില്ലെങ്കിൽ അത് പാലിക്കുന്നതിനാവശ്യമായ ഡയറ ക്ഷൻ കൊടുക്കുന്നതാണ്. തീരദേശത്തെ 9 ജില്ലകളിലെ പ്രവർത്തനങ്ങൾക്കുള്ള എ.ഡിബി. വായ്പ ലാപ്സാകാതെ ഉപയോഗിക്കുന്ന തിനാണ് മിഷൻ കോ-ഓർഡിനേഷൻ വച്ചിരിക്കുന്നത്. അതുപ്രകാരം നിയമിച്ച കോ-ഓർഡിനേറ്റർമാരുടെ നിയമനം സംബന്ധിച്ച് പ്രത്യേക പരാതി യുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്. നിയമനകാര്യത്തിൽ പാലിക്കേണ്ട നട പടിക്രമങ്ങൾ മത്സ്യഫെഡ് പാലിച്ചിട്ടുണ്ടോ എന്നുള്ളതും പരിശോധിക്കുന്ന താണ്. ഇനി ഈ മേഖലയിലുണ്ടാകുന്ന നിയമന കാര്യങ്ങളിൽ സുനാമി ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ ആശ്രിതർക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് മുൻഗണന കൊടുക്കുന്നതു സംബന്ധിച്ച്. ബന്ധപ്പെ ട്ടവരുമായി ചർച്ച ചെയ്തതിനുശേഷം തീരുമാനം കൈക്കൊള്ളുന്നതാണ്. സുനാമി അടിയന്തിര ആശ്വാസ പദ്ധതിയുടെ എസ്.എൽ.ഇ.സി. അംഗീകരിച്ച് കേന്ദ്ര പ്ലാനിംഗ് കമ്മീഷന് അയച്ചുകൊടുത്തിരിക്കുകയാണ്. ടി.ആർ.പി. അനുസരിച്ചുള്ള ഏതാനും സ്കീമുകൾ മാത്രമേ ഇനി കേന്ദ്ര പ്ലാനിംഗ് കമ്മി ഷന് സമർപ്പിക്കാനുള്ളൂ. 2008 മേയ് മാസത്തിൽ 'ടീപ്' പദ്ധതികൾ പൂർത്തീകരിക്കണമെന്നും 2009 ഡിസംബർ മാസത്തിൽ ടി.ആർ.പി. പൂർത്തീ കരിക്കണമെന്നുമാണ് കേന്ദ്ര പ്ലാനിംഗ് കമ്മിഷൻ സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്. കേന്ദ്ര പ്ലാനിംഗ് കമ്മിഷൻ നിഷ്ക്കർഷിച്ചിരിക്കുന്ന സമയ ത്തിനുള്ളിൽ സുനാമി പുനരധിവാസ പദ്ധതികൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ളതും വിവിധ ഏജൻസികൾ വഴി ലഭ്യമായിട്ടുള്ള

തുമായ തുക പൂർണ്ണമായി ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്ത് സമയബന്ധിതമായി പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. വരുന്ന ഓക്ടോബർ മാസത്തിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി മത്സ്യഫെഡിന്റെ സഹകരണ സംഘങ്ങൾ വഴി മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക ഓണക്കാലത്തിനുമുമ്പ് കൊടുത്തുതീർക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ ബോട്ടുകളുടെയും യാനങ്ങളുടെയും രജിസ്ട്രേഷൻ ജൂലൈ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. കടാശ്വാസം സംബന്ധിച്ച കരട് ബിൽ മന്ത്രിസഭ അംഗീകരിച്ചുകഴിഞ്ഞു. ഫിഷറീസ് സെക്ടർ സംബന്ധിച്ച് ഒരു നിയമസഭാ കമ്മിറ്റി വേണമെന്നുള്ളത് പൊതുവെ അംഗീകരിച്ചിട്ടുള്ളതാണ്. നിലവിലുള്ള റൂളിൽ ഭേദഗതി വരുത്തി ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യമായ തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. വരുന്ന ഒരു വർഷത്തിനുള്ളിൽ 17,000-ത്തോളം വരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീടുവച്ചുകൊടുക്കുന്നതിന് 331 കോടിയോളം രൂപയുടെ അടങ്കൽ തുക പ്രതീക്ഷിക്കുന്ന ഒരു പുനരധിവാസ പദ്ധതിക്ക് രൂപം നൽകുകയും കേന്ദ്ര പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. കായലോര മേഖലയ്ക്ക് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികളുണ്ട്. ഇതിൽ പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ എല്ലാ ഫിഷറീസ് ഡിസ്പെൻസറികളും പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കു

ന്നതാണ്. മത്സ്യമേഖലയിൽ 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുവേണ്ടി ആയിരത്തോളം വരുന്ന ചെറുകിട തൊഴിൽ സംരംഭ പദ്ധതികൾ സെലക്ട് ചെയ്യുകയും വ്യവസായ വകുപ്പിന്റെയും സപ്ലൈകോയുടേയും കൺസ്യൂമർ ഫെഡറേഷന്റെയും സഹകരണത്തോടെ 40-ഓളം മിനി സൂപ്പർ മാർക്കറ്റുകൾ സ്ഥാപിച്ച് വാല്യൂ ആഡഡ് ആയിട്ടുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കി വിറ്റഴിക്കുന്നതിനുള്ള സംവിധാനത്തിന് രൂപം നൽകുകയും അതിന് ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ സമഗ്രമായ ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്നതിനുള്ള കരടുരൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. മന്ത്രിസഭയുടെ അംഗീകാരംകിട്ടിക്കഴിഞ്ഞാൽ അത് നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 1500-ഓളം വരുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പ്രത്യേകമായി പിക്കപ് വാനും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഐ.ടി. സാങ്കേതിക വിദ്യയുടെ പുത്തൻ സാധ്യതകൾ മത്സ്യത്തൊഴിലാളികളുടെ നിത്യജീവിതത്തിൽ അനുഭവവേദ്യമാക്കുന്നതിനായി വരുന്ന രണ്ടുമാസത്തിനുള്ളിൽ കേരളത്തിന്റെ തീരപ്രദേശത്ത് മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങൾ, ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ഐ.എസ്.ആർ.ഒ.യുടെ സഹകരണത്തോടെ 100 മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ തുറന്നുപ്രവർത്തിക്കുന്നതാണ്. കടൽ സുരക്ഷാ സ്ക്വാഡുകൾ, കാലാവസ്ഥാ മുന്നറിയിപ്പ്, ഡിസാസ്റ്റർ മാനേജുമെന്റ് പരിപാടികൾ, ഐ.ടി. സെക്ടറുകൾ, ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങിയ സംവിധാനങ്ങൾ

ഏർപ്പെടുത്തി സുനാമി സ്കീമിൽപ്പെടുത്തി Early Warning System and Sea Safety എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ കിറ്റ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു. തീരപ്രദേശത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ ജീവൻ രക്ഷാപ്രവർത്തന ങ്ങൾക്കുവേണ്ടിയുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കും. 10,000 ഹെക്ടർ പ്രദേശത്ത് മത്സ്യ കൃഷി വ്യാപിപ്പിച്ച് 25,000 ടൺ മത്സ്യവും 45,000 ടൺ ആറ്റുകൊഞ്ചും 37,000 ടൺ ചെമ്മീനും അധികമായി ഉല്പാദിപ്പിക്കുന്നതിന് മത്സ്യ കേരളം എന്ന പ്രോജക്ടിന് രൂപം നൽകി. 63.50 കോടി രൂപ മൊത്തം അടങ്കൽ ചെലവ് വരുന്ന ഈ പദ്ധതിക്ക് 21.50 കോടി രൂപയാണ് സബ്സിഡി നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്. മത്സ്യ കയ റ്റുമതിയുമായി ബന്ധപ്പെട്ട് ഉൾനാടൻ മത്സ്യ.മേഖലയിലെ ഉല്പാദന രംഗത്ത് കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങളുടെ ഫലമായി തദ്ദേശ ഭരണ സ്ഥാപന ങ്ങളും സഹകരണ സംഘങ്ങളും ഈ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പി ലാക്കുമ്പോൾ കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ കേരള സമൂഹത്തിന്റെ സമ്പദ് ഘടനയുടെ വളർച്ചയ്ക്ക് നല്ലൊരു പങ്കു വഹിക്കാൻ കഴിയും. നാഷ ണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടുകൂടി മത്സ്യ ചെമ്മീൻ കർഷകർക്ക് അക്വാകൾച്ചർ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. മത്സ്യ മേഖലയിൽ കാർഷിക പരി ഷ്കാരങ്ങളുടെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ സമഗ്രമായ ജലപരിഷ്ക രണ നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. മത്സ്യത്തൊഴിലാളി സമൂഹം പാർശ്വവത്കരിക്കപ്പെടുന്ന സാഹചര്യം ഒഴിവാ ക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് തീരക്കടൽ അക്സസ്

റൈറ്റ്സ്, മത്സ്യ ബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം, ആദ്യ വില്പ നയ്ക്കുള്ള അവകാശം, നിയന്ത്രിത മത്സ്യ വിപണി എന്നീ സംഗതികൾ ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ സി.എം.എഫ്.ഡി.യുടെ ഡയറക്ടർ ചെയർമാനായി ചുമതലപ്പെടുത്തിയ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ജല പരിഷ്കരണ നിയമം കൊണ്ടുവരും. അല ങ്കാര മത്സ്യങ്ങളുടെ ഉല്പാദനവും കയറ്റുമതിയും കാര്യക്ഷമമായി പ്രോത്സാ ഹിപ്പിക്കുന്നതിന് അക്വാ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് ഒരു പബ്ളിക് /പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിക്കുന്നതിന് തീരുമാനിച്ചു. കോട്ടയം ജില്ലയിലെ പള്ളത്തും മലപ്പുറം ജില്ലയിലെ ഉള്ളനത്തും തിരുവനന്ത പുരം ജില്ലയിലെ നെയ്യാറിലും കണ്ണൂർ ജില്ലയിലെ പഴശ്ശിയിലും സാറ്റലൈറ്റ് ഫാമുകളും അതിനോടനുബന്ധമായി ഹോംസ്റ്റെഡ് ഫാമുകളും സ്ഥാപിച്ചു കൊണ്ട് പതിനായിരക്കണക്കിന് സ്ത്രീകൾക്ക് കുടുംബശ്രീ യൂണിറ്റുകൾ വഴി തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി അക്വാകൾച്ചർ ടെക്നോ ളജി പാർക്കിന്റെ നടപടിയിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. മത്സ്യ സമ്പത്ത് കൂടുതൽ വർദ്ധിപ്പിച്ച് മത്സ്യമേഖലയിലെ ദരിദ്രാവസ്ഥയ്ക്കു പരിഹാരം കണ്ടെത്തും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥി ക്കുന്നു.

**ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ</u>):** കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ചർച്ചയിൽ ഉയർന്നുവന്നു. 12 -ാം ധനകാര്യ കമ്മിഷനിൽ ഉൾപ്പെടുത്തി 2006-07 സാമ്പത്തിക വർഷത്തിൽ കടൽ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 210 പ്രവർത്തികൾ അറേഞ്ച് ചെയ്തിരുന്നതിൽ 96 പ്രവർത്തികളിൽ എഗ്രിമെന്റ് വയ്ക്കുകയും 70 പ്രവർത്തികൾ പുരോഗമിച്ചുവരികയും 13 വർക്കുകൾ പൂർത്തീകരിക്കുകയും

അവശേഷിക്കുന്നവ റീ-ടെണ്ടർ പ്രക്രിയയിലുമാണ്. 2007-08 സാമ്പത്തിക വർഷത്തിൽ 12-ാം ധനകാര്യ കമ്മിഷന്റെ തുക ഉപയോഗിച്ച് ആക്ഷൻ പ്ളാൻ പൂർത്തീകരിക്കുകയും ജൂലായ് 31-നുമുമ്പ് അംഗീകാരം നേടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് കാലതാമസം ഉണ്ടായതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന്, അംഗീകൃത ക്വാറികളിൽനിന്നുള്ള ആർമർ സ്റ്റോൺ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ്. പുതിയ ക്വാറികൾ കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):** ആരോഗ്യവകുപ്പിനെയും കുടുംബക്ഷേമ വകുപ്പിനെയും സംബന്ധിച്ച് നടന്ന ചർച്ചയിൽ ഉയർന്നുവന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളേയും വിമർശനങ്ങളേയും സ്വാഗതം ചെയ്യുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങളിലൂന്നിക്കൊണ്ട് പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ അങ്ങേയറ്റം ആത്മാർത്ഥത പുലർത്തിയിട്ടുണ്ട്. എം.ബി.ബി.എസ്.-ന് ഗവൺമെന്റ് മേഖലയിൽ നൂറു സീറ്റുകൾ നേടിയെടുക്കാൻ കഴിഞ്ഞു. ബി.എസ്.സി. നഴ്സിംഗ് കോളേജിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാനും കെട്ടിടത്തിനും എക്വിപ്മെന്റ്സിനും ആവശ്യമായ തുക അനുവദിക്കാനും രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാനും സാധിച്ചു. കോട്ടയം മെഡിക്കൽ കോളേജിന് ഒരു കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി. അവിടെ പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും ഹോസ്റ്റൽ കെട്ടിടത്തിനുവേണ്ടി 25 ലക്ഷം രൂപയും വെന്റിലേറ്റർ സ്ഥാപിക്കുന്നതിന് 16 ലക്ഷം രൂപയും നഴ്സുമാർക്കും ഹൗസ് സർജൻമാർക്കുമുള്ള

ക്വാർട്ടേഴ്സിനുവേണ്ടി 11 ലക്ഷം രൂപയും ലേഡീസ് ഹോസ്റ്റലിനു ഫർണിച്ചർ വാങ്ങുന്നതിനുവേണ്ടി 25 ലക്ഷം രൂപയും കൺസ്ട്രക്ഷൻ വർക്കിനുവേണ്ടി 4 കോടി രൂപയും അനുവദിച്ചു. നഴ്സിംഗ് കോളേജിൽ നിന്നും പഠിച്ചിറങ്ങിയ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ജോലി കൊടുക്കുകയും കെട്ടിടം പണിയുന്നതിനുവേണ്ടി രണ്ടരക്കോടി രൂപ പട്ടികസമുദായക്ഷേമവകുപ്പിൽ നിന്നും അനുവദിക്കുകയും ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു എം.ആർ.ഐ. സ്കാനിംഗ് മെഷീനും തൃശൂർ മെഡിക്കൽ കോളേജിൽ ഒരു സി.ടി. സ്കാനിംഗ് മെഷീനും ഇൻസ്റ്റാൾ ചെയ്യാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളേയും സെന്റർ ഓഫ് എക്സലൻസാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തും. ആലപ്പുഴ മെഡിക്കൽ കോളേജിൽ മെഡിസിന് 50 സീറ്റ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. പി. ജി. കോഴ്സ് കഴിഞ്ഞവരെ അഞ്ച് മെഡിക്കൽ കോളേജുകളിലും കംപൽസറിയായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂറോളജി, നെഫ്രോളജി, കാർഡിയോളജി എന്നിവയുടെ ഒ.പി. വിഭാഗം പ്രവർത്തിപ്പിക്കാനും അത്യാധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികളെടുത്തു. കോഴിക്കോട്ട് ഒരു മാതൃശിശു ആരോഗ്യകേന്ദ്രത്തിന് തറക്കല്ലിടാൻ പോവുകയാണ്. അതിനെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിന് ശ്രമിക്കും. മെഡിക്കൽ യൂണിവേഴ്സിറ്റിക്കുവേണ്ടി മൂന്ന് കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ചിക്കുൻഗുനിയയെക്കുറിച്ച് കഴിഞ്ഞ ഗവൺമെന്റിന് മുന്നറിയിപ്പ് കിട്ടിയിട്ടും മുൻകരുതൽ നടപടികളൊന്നും സ്വീകരിച്ചില്ല. ഓരോ പി.എച്ച്.സി.യിലും

രണ്ട് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കും. നഴ്സുമാരുടെയും ഡോക്ടർമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പൈ കമ്മിറ്റിയുടെ റെക്കമെന്റേഷൻ നടപ്പിലാക്കും. അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാരെ പിരിച്ചുവിട്ട് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. വളരെ വർഷങ്ങൾക്കുശേഷം ഹെൽത്ത് സർവ്വീസിൽ അർഹമായ പ്രൊമോഷൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചു. തിരുവനന്തപുരം ആയുർവേദ കോളേജിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കുട്ടികളുടെ സ്പെഷ്യാലിറ്റി യൂണിറ്റ് ആരംഭിച്ചു. രണ്ട് കോടി രൂപ ചെലവ് വരുന്ന പുതിയ ബ്ളോക്കിന്റെ പണിയും . പുതിയ ഫിസിയോതെറാപ്പി യൂണിറ്റിന്റെ പണിയും ആരംഭിച്ചു.. പരിയാരം ആയുർവേദ കോളേജിൽ ഒരു കോടി രൂപ ചെലവഴിച്ച്. പേവാർഡ് നിർമ്മിക്കാനുള്ള ശ്രമവും പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയെ അന്തർദേശീയ നിലവാരത്തിലുള്ള ആശുപത്രിയായി ഉയർത്താനുള്ള നടപടിയും ആരംഭിച്ചു. പരിയാരത്ത് മൂന്ന് കോടി രൂപ മുടക്കി ഔഷധിയുടെ റീജിയണൽ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ഹോമിയോ മെഡിക്കൽ ആശുപത്രിയിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിച്ചു. ഹോമിയോ മരുന്നു നിർമ്മാണ കമ്പനിയായ കോംപോ, കെ.എസ്.ഡി.പി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി. പുതിയ തസ്തികകൾ സൃഷ്ടിച്ച് പൂട്ടിക്കിടന്നിരുന്ന അട്ടപ്പാടിയിലേയും നല്ലൂർ നാടിലേയും കെട്ടിടങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിനുവേമ്ടി ഉപയോഗപ്പടുത്താൻ തീരുമാനമെടുത്തു. ഡോക്ടർമാരുടെ സ്ഥലം മാറ്റത്തിലെ അഴിമതി ഇല്ലാതാക്കി. നോംസ് അനുസരിച്ച് ട്രാൻസ്ഫർ കൊടുക്കാനുള്ള സാഹചര്യമുണ്ടാക്കി. ഹെൽത്ത്

സർവ്വീസിൽ അഡ്മിനിസ്ട്രേറ്റീവ് കേഡറും സ്പെഷ്യാലിറ്റി കേഡറും രൂപികരിക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും പോസ്റ്റ് ചെയ്യും. നാഷണൽ ഹൈവേയുടെ ഓരത്തുള്ള താലൂക്കാശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റ് തുടങ്ങാനുള്ള തീരുമാനമെടുത്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എച്ച്.ഡി.സി- യും എച്ച്.എം.സി-യും പുനസംഘടിപ്പിച്ചു. കെ.എസ്.ഡി.പി ശക്തിപ്പെടുത്തുകയും ചെയ്തു. ആയുർവേദ-ഹോമിയോ ഡിസ്പെൻസറികൾ വളരെ കുറച്ചുമാത്രമേ തുടങ്ങാൻ സാധിക്കുകയുള്ളു. എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും ഒരു പി.എച്ച്.സി യെങ്കിലും ഉണ്ടാക്കുന്നതിനാവശ്യമായ തീരുമാനമെടുത്ത് നടപ്പിലാക്കും. ബ്ളോക്ക് പി.എച്ച്.സി-കളെ സി.എച്ച്.സി കളായി അപ്ഗ്രേഡ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കും. കാഞ്ഞങ്ങാട് ഒഴിഞ്ഞു കിടക്കുന്ന ജില്ലാ ആശുപത്രിയുടെ കെട്ടിടത്തിൽ എൻ.ആർ.എച്ച്.എം-ന്റെ പണമുപയോഗിച്ച് വിമൻ ആന്റ് ചിൽഡ്രൺ ഹോസ്പിറ്റൽ തുടങ്ങും. ഒഴിഞ്ഞു കിടക്കുന്ന കൊല്ലം ജില്ലയിലെ വിക്ടോറിയ ആശുപത്രി കൂറച്ചുകൂടി സ്ട്രങ്ങ്തെൻ ചെയ്യാനുള്ള തീരുമാനമെടുത്തു. മലപ്പുറത്ത് 25 വർഷങ്ങൾക്ക് മുൻപ് നാലരക്കോടി രൂപ ചെലവഴിച്ച ഒരു കെട്ടിടത്തിന്റെ ഒരു സ്കെൽറ്റൻ ഉള്ളത് പുനർ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കും. മലപ്പുറം ജില്ലയിൽ പൂർത്തീകരിക്കാതെ കിടക്കുന്ന വിമൻ ആന്റ് ചിൽഡ്രൻ ഹോസ്പിറ്റൽ മാർച്ച് മാസം 31-നുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും. മഞ്ചേരിയിലുള്ള ജില്ലാ ആശുപത്രിയിൽ 18 കോടി രൂപയുടെ വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. മാങ്ങാട്ടുപറമ്പിൽ 25 വർഷങ്ങൾക്ക് മുൻപ് രണ്ടരക്കോടി രൂപ ചെലവഴിച്ച്

നിർമ്മിച്ച കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ 36 സി. എച്ച്.സി കളുടെ പണി ആരംഭിച്ചിട്ടുണ്ട്.. മെഡിസിൻ രംഗത്ത് നിലനിന്നിരുന്ന അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും ആന്റി റാബിസ് വാക്സിൻ ഇപ്പോൾ ലഭ്യമാണ്. പകർച്ചപ്പനി ബാധിച്ചവരുടെ സന്ധിവേദന മാറ്റുന്നതിന് ആയുർവേദ-ഹോമിയോ മരുന്നുകൾ സൗജന്യമായി നൽകാൻ ഏഴ് കോടി രൂപ അനുവദിച്ചിട്ടുണ്ട്.. പകർച്ചപ്പനി ബാധിച്ച് കേരളത്തിൽ 178 പേർ മരിച്ചിട്ടുണ്ട്. കൊതുകുനിവാരണത്തിലൂടെ മാത്രമേ പകർച്ചപ്പനി തടയുവാൻ സാധിക്കുകയുള്ളു. ഇപ്പോൾ എല്ലാ ആശുപത്രികളിലും നെറ്റ് വാങ്ങിക്കൊടുത്തിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ ഇന്നത്തെ നിലവാരം മാറ്റിയെടുക്കുമെന്ന ഈ ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധമായ തീരുമാനം നടപ്പിലാക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും 25-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് തെരഞ്ഞെടുപ്പുകൾ എന്ന IV -ാം

നമ്പർ ധനാഭ്യർത്ഥനയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII -ാം നമ്പർ ധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയും വാർത്താ വിതരണവും പ്രചരണവും എന്ന XXIII -ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII -ാം നമ്പർ ധനാഭ്യർത്ഥനയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## അറിയിപ്പ്

**മി. സ്പീക്കർ:** സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നിയമസഭാംഗങ്ങൾക്ക് നേതൃത്വം നൽകേണ്ടതുള്ളതുകൊണ്ട് കക്ഷി നേതാക്കളുമായി ഇന്നുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ ജൂലൈ 20-ാം തീയതി വെള്ളിയാഴ്ച സഭ ചേരുന്നതല്ല.

ആയുർവേദ വിദ്യാഭ്യാസ ഡയറക്ടേറ്റുമായി ചേർന്ന് നിയമസഭാ സമുച്ചയത്തിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന പരിപാടിയുടെ ഉദ്ഘാടനം സഭ കഴിഞ്ഞാലുടൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുംകൂടി നിർവ്വഹിക്കുന്നതാണ്. നിയമസഭാ മന്ദിരത്തിന്റെ വടക്കുവശത്ത് നടത്താൻ ഉദ്ദേശിക്കുന്ന പ്രസ്തുത ചടങ്ങിൽ എല്ലാ നിയമസഭാംഗങ്ങളും പങ്കെടുക്കുകയും എല്ലാ അംഗങ്ങളും ഓരോ

ഔഷധച്ചെടി നട്ടുകൊണ്ട് നിർവ്വഹിക്കുകയും ചെയ്യണം. എല്ലാ അംഗങ്ങൾക്കും ഓരോ ചന്ദന തൈ വീതം വീട്ടിൽ കൊണ്ടുപോകാൻ വിതരണം ചെയ്യുന്നതായിരിക്കും.

## അനുശോചനം

**മി. സ്പീക്കർ:** സംസ്ഥാനത്ത് രണ്ട് ദിവസമായി തുടരുന്ന കാലവർഷത്തിലും പ്രകൃതി ദുരന്തത്തിലും ജീവൻ നഷ്ടപ്പെട്ടവരുടെ വേർപാടിൽ സഭ ദു:ഖം രേഖപ്പെടുത്തുന്നു. സന്തപ്ത കുടുംബങ്ങളുടെ ദു:ഖത്തിൽ സഭയും പങ്കു ചേരുന്നു.

(മരണമടഞ്ഞവരോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ അല്പനേരം ഏഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)

സഭ വൈകുന്നേരം 5.34-ന് പിരിഞ്ഞു.